സ്വാമി ശരണം

# അയ്യപ്പവാണി

अय्यप्पवाणि വെബ് വാർത്താമാസിക

ശബരിമല അയ്യപ്പ സേവാ സമാജം (സാസ്സ്)
പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്.. റജി.നം.226/2008
അഡ്മിൻ ഓഫീസ്: അയ്യപ്പവിഹാർ, ശിവ ടെമ്പിൽ റോഡ്, വിയ്യൂർ, തൃശൂർ ജില്ല, കേരളം - 680010.
വെബ്സൈറ്റ്: www.sassbharath.org ഫോൺ:09400401722 ഈമെയിൽ: sassinservice@gmail.com



ക്രമ നം. അയ്യപ്പവാണി – 01/2023 (ഉത്രം പതിപ്പ്)
13 ജനുവരി 2023.
(29 ധനു 1198)
യുഗാബ്ദം 5124

- ശബരിമല ദർശന ദിവസങ്ങൾ 2023, ഉത്രം പൂജാ ദിവസങ്ങൾ
- ഹരിവരാസനം വ്യാഖ്യാനം: ഭാഗം 4 – ശ്രീ.പി. ആർ. ജനാർദ്ദനൻ നായർ
- ഷോഡശ സംസ്കാരങ്ങൾ, ഭാഗം 1 : ഡോ. വിശ്വനാഥൻ നമ്പൂതിരി
- എരുമേലി – വാപുരന്റെ കോട്ട – ശ്രീ. അരവിന്ദ്സുബ്രഹ്മണ്യം.
- നമ്മുടെ പൈതൃകം – ജ്വാലാമുഖി ക്ഷേത്രം
- വിഷ്ണുസഹസ്രനാമം
- വിവേകാനന്ദ സ്മാരകം കന്യാകുമാരിയിൽ.
- സുഭാഷിതം – 36
- അണിമാദി അഷ്ട സിദ്ധിക
- ഗീതാ ശ്ലോകങ്ങൾ 41–47
- ക്വിസ് –21
- വാർത്തകൾ




## ശബരിമല ക്ഷേത്രം – തുറക്കുന്ന/അടയ്ക്കുന്ന ദിവസങ്ങൾ – 2023

| പൂജയുടെ പേര് | തുറക്കുന്ന വൈകിട്ട് 5.00 | അടയ്ക്കുന്ന രാത്രി 10.00 |
|---|---|---|
| മകരവിളക്ക് ഉത്സവം (മകരജ്യോതി ദർശനം -14/01/2023 വൈകുന്നേരം) | 30/12/2022 | 20/01/2023* |
| പ്രതിമാസ പൂജ (കുംഭം/ഫെബ്രുവരി) | 12/02/2023 | 17/02/2023 |
| പ്രതിമാസ പൂജ (മീനം/ മാർച്ച്) | 14/03/2023 | 19/03/2023 |
| ഉത്സവം(കൊടിയേറ്റ് - 27/03/2023, ആറാട്ട് & പങ്കുനി ഉത്രം-05/04/2023) | 26/03/2023 | 05/04/2023 |
| പ്രതിമാസ പൂജ – മേടം/ഏപ്രിൽ (വിഷു - 15/04/2023) | 11/04/2023 | 19/04/2023 |
| പ്രതിമാസ പൂജ (ഇടവം/മെയ്) | 14/05/2023 | 19/05/2023 |
| പ്രതിഷ്ഠാ ദിനം | 29/05/2023 | 30/05/2023 |
| പ്രതിമാസ പൂജ (മിഥുനം/ജൂൺ) | 15/06/2023 | 20/06/2023 |
| പ്രതിമാസ പൂജ (കർക്കടകം/ജൂലൈ) | 16/07/2023 | 21/07/2023 |
| പ്രതിമാസ പൂജ (ചിങ്ങം/ഓഗസ്റ്റ്) | 16/08/2023 | 21/08/2023 |
| ഓണം ഉത്സവം (തിരുവോണം - 29/08/2023) | 27/08/2023 | 31/08/2023 |
| പ്രതിമാസ പൂജ (കന്നി/സെപ്റ്റംബർ) | 17/09/2023 | 22/09/2023 |
| പ്രതിമാസ പൂജ (തുലാം/ഒക്ടോബർ) | 17/10/2023 | 22/10/2023 |
| ശ്രീ ചിത്തിര ആട്ട തിരുനാൾ | 10/11/2023 | 11/11/2023 |
| മണ്ഡല പൂജ ഉത്സവം (മണ്ഡല പൂജ -27/12/2023) | 16/11/2023 | 27/12/2023 |
| മകരവിളക്ക് ഉത്സവം (മകരവിളക്ക് -14/01/2024) | 30/12/2023 | 20/01/2024 |

- **20.01.2023 ന് രാവിലെ 6.00 മണിക്ക് ക്ഷേത്രം അടയ്ക്കും, പൊതുദർശനമില്ല.**
- **19–ന് രാത്രി മാളികപ്പുറം ക്ഷേത്രപരിസരത്ത് ഗുരുതി.**
- **19, 20 തീയതികളിലും നെയ്യഭിഷേകം ഇല്ല.**


## ഉത്രം പൂജ തീയതികൾ – 2023

| നം | ആഴ്ച | ഇംഗ്ലീഷ് തീയതി/മാസം | മലയാളം തീയതി/ മാസം |
|---|---|---|---|
| 1 | വെള്ളിയാഴ്ച | 13 ജനുവരി | 29 ധനു - 1198 |
| 2 | വ്യാഴാഴ്ച | 09 ഫെബ്രുവരി | 26 മകരം |
| 3 | ബുധനാഴ്ച | 08 മാർച്ച് | 24 കുംഭം |
| 4 | ബുധനാഴ്ച | 05 ഏപ്രിൽ | 22 മീനം |
| 5 | ചൊവ്വാഴ്ച | 02 മെയ് | 18 മേടം |
| 6 | തിങ്കളാഴ്ച | 29 മേയ് | 15 ഇടവം |
| 7 | തിങ്കളാഴ്ച | 26 ജൂൺ | 11 മിഥുനം |
| 8 | ഞായറാഴ്ച | 23 ജൂലൈ | 07 കർക്കടകം |
| 9 | ശനിയാഴ്ച | 19 ഓഗസ്റ്റ് | 03 ചിങ്ങം-1199 |
| 10 | വെള്ളിയാഴ്ച | 15 സെപ്റ്റംബർ | 30 ചിങ്ങം |
| 11 | വെള്ളിയാഴ്ച | 13 ഒക്ടോബർ | 27 കന്നി |
| 12 | വ്യാഴാഴ്ച | 09 നവംബർ | 23 തുലാം |
| 13 | ബുധനാഴ്ച | 06 ഡിസംബർ | 20 വൃശ്ചികം |

# ഹരിഹരാത്മജാഷ്ടകം
# (ഹരിവരാസനം) – 4

(ശ്രീ P R ജനാർദ്ദനൻ നായർ, എറണാകുളം)








### ശ്ലോകം – 4

തുരഗവാഹനം സുന്ദരാനനം
വരഗദായുധം ദേവവർണ്ണിതം
ഗുരുകൃപാകരം കീർത്തനപ്രിയം
ഹരിഹരാത്മജം ദേവമാശ്രയേ

**തുരഗവാഹനം:** അയ്യപ്പസ്വാമിയുടെ വാഹനം പുലി. അയ്യപ്പസ്വാമി പുലിവാഹനൻ എന്ന പേരിൽ പ്രസിദ്ധനാണല്ലോ. എന്നാൽ കൈലാസവാസിയായ ശ്രീധർമ്മശാസ്താവിന്റെ മുഖ്യവാഹനം തുരഗമാണ്, അതായത് കുതിരയാണ്. ശബരിമലക്ഷേത്രം ശ്രീധർമ്മ ശാസ്താക്ഷേത്രമാണ്, അവിടെ കൊടിമരമുകളിലെ വാഹനപ്രതിഷ്ഠ കുതിരയുടേതാണ്. തുരഗം എന്ന പദത്തിന് അതിവേഗത്തിൽ സഞ്ചരിക്കുന്നത് എന്നർത്ഥം. അതിനാൽ കുതിര, മനസ്സ് എന്നീ അർത്ഥ ങ്ങളിൽ തുരഗം എന്ന വാക്ക് ഉപയോഗിക്കാറുണ്ട്. ഭഗവാന് വായുവേഗത്തിൽ എന്നല്ല, മനോവേഗത്തിൽ എവിടെയും, പ്രത്യേകിച്ചും ഭക്തമനസ്സിൽ എത്താൻ കഴിയും. അതിനാൽ അദ്ദേഹത്തിന് തുരഗവാഹനൻ എന്ന വിശേഷണം അത്യന്തം അന്വർത്ഥമായിരിക്കുന്നു.

മനസ്സിനോളം അതായതു ചിന്തകളോളം വേഗം മറ്റൊന്നിനുമില്ല. അതിനാൽ തുരഗത്തിനു മനസ്സ് എന്നും അർത്ഥം. തുരഗവാഹനൻ തുരഗത്തിന്മേൽ ഇരിക്കുന്നവ നാണല്ലോ. അതായതു മനസ്സിൽ ഇരിക്കുന്നവൻ. ചിത്തസ്ഥിതൻ എന്നർത്ഥം. ഭക്തചിത്തസ്ഥിതനായ ഭഗവാനാണു തുരഗവാഹനൻ. ചിത്തസ്ഥിതൻ എന്നാൽ ജീവികളിൽ അന്തര്യാമിയായി വർത്തിക്കുന്ന ജീവാത്മാവ്. ജീവാത്മാവും പരമാത്മാവും ഭഗവാൻ തന്നെ എന്നു നാം കണ്ടതാണല്ലോ.

കുതിരയെ ശക്തിയുടെ പ്രതീകമായും കണക്കാ ക്കാറുണ്ട്. ശക്തമായ, ദൃഢമായ, ചഞ്ചലമല്ലാത്ത, വേഗതയേറിയ മനസ്സാകുന്ന കുതിരയെ വാഹനമാ

ക്കിയവൻ, അങ്ങിനെയുള്ള ഭക്തമനസ്സുകളിൽ വസിക്കുന്നവൻ, തുരഗവാഹനൻ.

**സുന്ദരാനനം:** മനോഹരമായ മുഖമുള്ളവൻ. ഈ പ്രപഞ്ചത്തിലെ എല്ലാ സൗന്ദര്യത്തിന്റേയും ആകെ ത്തുകയോ അതിലുമധികമോ ആയ സൗന്ദര്യമൂർത്തി യാണ് ഭഗവാൻ. സൗന്ദര്യം ഏവരെയും ആകർഷിക്കുന്നതും എല്ലാവർക്കും സന്തോഷം നല്കുന്നതുമാണ്. ശബരിമല ശ്രീകോവിലിനു മുന്നിൽ നിന്നുകൊണ്ട് സുന്ദരമായ മുഖത്തോടു കൂടിയ ഭഗവാനെ ദർശിക്കുന്ന ഒരു ഭക്തനു ലഭിക്കുന്ന സന്തോഷവും, ആനന്ദവും, ആത്മനിർവൃതിയും പറഞ്ഞറിയിക്കാൻ സാധ്യമല്ലതന്നെ. എത്ര തവണ ദർശിച്ചാലും പൂർണ്ണമായ തൃപ്തി വരാതെ ഭഗവാനെ വീണ്ടും വീണ്ടും ദർശിക്കുവാൻ ഓരോ ഭക്തനും ആഗ്രഹിക്കുന്നതിന്റെ കാരണവും ഭഗവാന്റെ ഈ സുന്ദരാനനം തന്നെയാണ്.

**വരഗദായുധം :** അയ്യപ്പസ്വാമിയുടെ മുഖ്യമായ ആയുധം അമ്പും വില്ലുമാണ്. എന്നാൽ ശ്രീ ധർമ്മശാസ്താവിന്റെ ആയുധം ഗദയാണ്. ഭഗവാന്റെ ആയുധം ദുഷ്ട നിഗ്രഹത്തിനാണെന്നു പൊതുവേ പറയുമെങ്കിലും, സൂക്ഷ്മചിന്തനത്തിൽ ധർമ്മസംരക്ഷണത്തിനു വേണ്ടി യാണ് ഈ ആയുധം ഉപയോഗിക്കുന്നത് എന്നു കാണാം. ഗദയെന്നതിന് വാക്ക്, ശബ്ദം, ഇടിമുഴക്കം എന്നൊക്കെ അർത്ഥമുണ്ട്. ആയുധങ്ങളേക്കാൾ മൂർച്ചയുള്ള വാക്കുകൾ കൊണ്ട്എതിരാളികളെ തോല്പി ക്കുവാൻ കഴിവുള്ളവൻ എന്ന് വരഗദായുധപദത്തെ വ്യാഖ്യാനിക്കാവുന്നതാണ്.

**വേദവർണിതം :** വേദങ്ങളിൽ വർണിക്കപ്പെട്ടിരി ക്കുന്നവൻ. ഈ ലേഖനപരമ്പരയിൽ ഒന്നാം ശ്ലോകത്തിന്റെ വ്യാഖാനത്തിൽ കൊടുത്തിരിക്കുന്ന "ലോകാനാം പരമേശ്വരം.." എന്ന് തുടങ്ങുന്ന ശ്ലോകത്തിൽ "നിഗമസന്ദോഹൈകസംവേദിതം" എന്ന ഒരു പ്രയോഗമുണ്ട്. അതിന്റെ അർത്ഥം 'വേദ മന്ത്രങ്ങളുടെ കൂട്ടം കൊണ്ടു മാത്രം അറിയപ്പെടുവാൻ കഴിയുന്നവൻ' എന്നാണ്. അതായത് ഭഗവദ് തത്വം അറിയണമെങ്കിൽ വേദമന്ത്രങ്ങളെത്തന്നെ ആശ്രയിക്ക ണമെന്നു സാരം. ധർമ്മശാസ്താവിന്റെ തത്വം വ്യാഖാനിക്കേണ്ടത് വേദവാക്യങ്ങളെ ആസ്പദമാ ക്കിയാണ്. അയ്യപ്പസ്വാമിയുടെയും, ധർമ്മശാസ്താവി ന്റെയും മാത്രമല്ല എല്ലാ ദേവതകളുടെയും തത്ത്വങ്ങൾ വർണിച്ചിരിക്കുന്നത് വേദങ്ങളിലാണ്.

**ഗുരുകൃപാകരം:** ഗുരു എന്നാൽ ഏറ്റവും വലിയത്, ഏറ്റവു മധികം കൃപയുള്ളവൻ ഗുരുകൃപാകരൻ. അതു കൊണ്ടാണ്ഭഗവാനെ കൃപാസാഗരം, കരുണാസാഗരം എന്നൊക്കെ പറയുന്നത്. സകല ജീവ ജാലങ്ങളും ഭഗവാന്റെ കൃപകൊണ്ടാണ് ജീവിച്ചു വരുന്നത്. ഈ പ്രപഞ്ച സൃഷ്ടിയും അതിന്റെ നിലനില്പും എല്ലാം ഭഗവദ് കൃപകൊണ്ടു മാത്രമാണ്.

ഗുരുകൃപ എന്നാൽ ഗുരുവിന്റെ കൃപ, ആചാര്യ കൃപ എന്നും പറയാം. ചിന്മുദ്ര കാണിച്ചുകൊണ്ട്

തത്ത്വമസി ഉപദേശിക്കുന്ന ശബരിമല ശ്രീധർമ്മ ശാസ്താവ് ലോകൈകഗുരു തന്നെയാണ്. ആ ഗുരുകൃപ തന്നെയാണ് നമ്മെ ഭക്തരും ജ്ഞാനികളും ഒക്കെയാക്കുന്നത്. ഗുരുകൃപകൊണ്ടു മാത്രമേ, ഭക്തർക്ക് എന്നു മാത്രമല്ല, പ്രപഞ്ചത്തിൽ ആർക്കും എന്തെങ്കിലും നേടുവാൻ സാധിക്കുകയുള്ളൂ.

ലൗകികജീവിതത്തിലും ഗുരുക്കന്മാർ, അധ്യാപകർ, പ്രായത്തിൽ മുതിർന്നവർ തുടങ്ങി പലരുടെയും അനുഗ്രഹം നാമാഗ്രഹിക്കുന്നു. നമുക്കു ലഭിക്കുകയും ചെയ്യുന്നു. അവർക്ക് നമ്മെ അനുഗ്രഹിക്കാനുള്ള പ്രേരണ ലഭിക്കുന്നതു തന്നെ ഭഗവാനെന്ന പരമഗുരുവിന്റെ കൃപകൊണ്ടു തന്നെയാണ്. ആ നിലയിലും ഭഗവാൻ ഗുരുകൃപാകരൻ തന്നെ.

**കീർത്തനപ്രിയം:** ഈ പദം മൂന്നാം ശ്ലോകത്തിൽ വിശദീകരിച്ചിട്ടുണ്ട്. അതിനാൽ വീണ്ടും ആവർത്തിക്കുന്നില്ല.

സംക്ഷിപ്തമായി പറഞ്ഞാൽ, എന്റെ ചിത്തസ്ഥിതനായ (തുരഗവാഹനനായ, തുരഗം = ചിത്തം എന്ന അർത്ഥത്തിൽ), അഭൗമ സൗന്ദര്യമൂർത്തിയായ, ധർമ്മസംരക്ഷണത്തിനായി ശ്രേഷ്ഠമായ ഗദായുധം ധരിച്ചിട്ടുള്ളവനായ, ഏറ്റവും വലിയ കൃപാനിധിയും ഗുരുജനകൃപയ്ക്കു കാരണഭൂതനും കീർത്തനപ്രിയനും ഹരിഹരാത്മജനും ദേവനുമായ ശ്രീധർമ്മശാസ്താവിനെ ഞാൻ ആശ്രയിക്കുന്നു.

## ശ്ലോകം 5

ത്രിഭുവനാർച്ചിതം ദേവതാത്മകം
ത്രിണയനം പ്രഭും ദിവ്യദേശികം
ത്രിദശപൂജിതം ചിന്തിതപ്രദം
ഹരിഹരാത്മജം ദേവമാശ്രയേ....

**ത്രിഭുവനാർച്ചിതം:** ത്രിഭുവനങ്ങളിലും അർച്ചിക്കപ്പെട്ടുന്നവൻ. സ്വർഗ്ഗം, ഭൂമി, പാതാളം എന്നീ മൂന്നു ലോകങ്ങളെയാണ് ത്രിഭുവനം എന്നു പറയുന്നത്. എങ്കിലും സ്വർഗ്ഗം എന്നതു കൊണ്ട് ഭൂമിക്കു മുകളിലുള്ള ഭുവർലോകം, സ്വർലോകം, മഹർലോകം, ജനലോകം, തപോലോകം, സത്യലോകം എന്നീ ആറു ലോകങ്ങളേയും പാതാളം എന്നതുകൊണ്ട്, ഭൂമിക്കു താഴെയുള്ള അതലം, വിതലം, സുതലം, തലാതലം, മഹാതലം, രസാതലം, പാതാളം എന്നീ ഏഴു ലോകങ്ങളേയുമാണ് ഉദ്ദേശിക്കുന്നത്. അതിനാൽ, ത്രിഭുവനങ്ങളിലും എന്നതു കൊണ്ട് പതിനാലു ലോകങ്ങളിലും നിവസിക്കുന്നവരാൽ അർച്ചിക്കപ്പെടുന്നവൻ എന്നാണ് അർത്ഥമാക്കുന്നത്. എല്ലാ ഗണങ്ങളിലും പെട്ട ദേവന്മാരും അസുരന്മാരും മനുഷ്യരും പൂജിക്കുന്ന ദേവനാണു ശ്രീധർമ്മശാസ്താവ് എന്നു സാരം.

**ദേവതാത്മകം** :ദേവതാസ്വരൂപത്തോടു കൂടിയവനെ എന്നർത്ഥം. ഭക്തജനങ്ങൾക്കു പൂജിക്കുവാനും ധ്യാനിക്കുവാനുമുള്ള സൗകര്യാർത്ഥം നിർഗുണ ബ്രഹ്മത്തിനു സങ്കൽപ്പിക്കുന്ന സഗുണരൂപങ്ങളാണു ദേവതകൾ.

'ത്രിഭുവനാർച്ചിതം ദേവതാത്മകം' എന്നീ രണ്ടു

പദങ്ങളും ചേർത്തു വച്ച് നോക്കുമ്പോൾ മനുഷ്യ ലോകത്തെന്നു മാത്രമല്ല, സകല ലോകങ്ങളിലും പൂജിക്കപ്പെടുന്ന സഗുണദേവതാസ്വരൂപത്തോടു കൂടിയവനാണു ഭഗവാൻ എന്നു മനസ്സിലാക്കാം.

**ത്രിണയനം പ്രഭും:** സാധാരണയായി പരമശിവനെയാണ് ത്രിണയനൻ അതായത് മുക്കണ്ണൻ എന്നു വിളിക്കുന്നത്. ശ്രീപരമശിവനും ശ്രീമഹാവിഷ്ണുവും ചേർന്ന ശ്രീധർമ്മശാസ്താവ് ശിവനുമാണ് വിഷ്ണുവുമാണ്. ഈ ശ്ലോകത്തിൽ മുക്കണ്ണനും പ്രഭുവുമായ മഹേശ്വരനായി ഭഗവാൻ വാഴ്ത്തപ്പെട്ടിരിക്കുന്നു. പ്രഭു എന്നാൽ അധീശൻ, ഈശ്വരന്മാരുടെ ഈശ്വരൻ. മനുഷ്യന്റെ സൂക്ഷ്മശരീരത്തിൽ അത്യുന്നതമായ സഹസ്രാരപത്മമാണു മഹേശ്വരന്റെ സ്ഥാനം എന്നാണു സങ്കല്പം. മറ്റു ദേവന്മാരുടെ സ്ഥാനം താഴെയുള്ള വിവിധ ആധാരപത്മങ്ങളാണ്. ആ ദേവാധിദേവൻ തന്നെ ശ്രീധർമ്മശാസ്താവ് എന്നു താല്പര്യം.

**ദിവ്യദേശികം :** ദേശികൻ എന്നാൽ ആചാര്യൻ. ദേശസഞ്ചാരം ചെയ്ത് ശിഷ്യന്മാർക്കു ജ്ഞാനോപദേശം നൽകുന്ന ആചാര്യനാണു ദേശികൻ. ദിവ്യം എന്നാൽ ദൈവികം അതായത് അമാനുഷം എന്നർത്ഥം. ശബരിമല ശ്രീകോവിലിൽ ഇരുന്ന് തന്നെ തേടിയെത്തുന്ന ഭക്തന്മാർക്ക് ചിന്മുദ്രയിലൂടെ ആത്മജ്ഞാനം നൽകുന്ന ലോകഗുരുവാണു ഭഗവാനെന്നത് പ്രസിദ്ധവും അനുഭവവേദ്യവുമാണ്.

കൂടാതെ ലോകത്ത് എവിടെയുമുള്ള ദേശികന്മാരിൽ ദിവ്യമായ ആത്മചൈതന്യമായി വർത്തിച്ച് അവരെ നിമിത്തമാക്കി അവരുടെ ശിഷ്യന്മാർക്ക് ജ്ഞാനോപദേശം നൽകുന്നതും ഭഗവാൻ തന്നെ. അതിനാൽ ഭഗവാനെ ദിവ്യദേശികൻ എന്നു സ്തുതിക്കുന്നു. ലോകത്തിനു മുഴുവൻ ഗുരുവും ആചാര്യനും ദിവ്യദേശികനുമായ ധർമ്മശാസ്താവിനെ ഞാൻ ആശ്രയിക്കുന്നു.

**ത്രിദശപൂജിതം:** ത്രിദശന്മാർ എന്നാൽ ദേവന്മാർ. മുൻപു സൂചിപ്പിച്ച എല്ലാ ലോകങ്ങളിലുമുള്ള മുപ്പത്തിമുക്കോടി ദേവന്മാരാലും നിത്യവും പൂജിക്കപ്പെടുന്നവനാണു ഭഗവാൻ. ദ്വാദശാദിത്യന്മാർ, ഏകാദശരുദ്രന്മാർ, അഷ്ടവസുക്കൾ, രണ്ട് അശ്വിനീദേവന്മാർ എന്നിവർ ചേർന്ന മുപ്പത്തിമൂന്നു ദേവന്മാർ പ്രാധാന്യേന ഗണിക്കപ്പെട്ടു വരുന്നു. ദേവേന്ദ്രനാൽ ആരാധിക്കപ്പെടുന്നവനാണു ശ്രീധർമ്മ ശാസ്താവ് എന്ന് (ഹരിദധീശ്വരാരാധ്യപാദുകം) പ്രഥമശ്ലോകത്തിൽ നാം കണ്ടത് അനുസ്മരിക്കുക. അതുപോലെ എല്ലാ ദേവന്മാരാലും പൂജിക്കപ്പെടുന്ന ഈശ്വരനാണു ശ്രീധർമ്മശാസ്താവ്.

**ചിന്തിതപ്രദം:** ചിന്തിക്കുന്നത് എന്തും പ്രദാനം ചെയ്യുന്നവൻ. സാധാരണ എല്ലാ ഭക്തരും പലതും ആഗ്രഹിക്കുകയും ദേവന്മാരോടു പ്രാർത്ഥിക്കുകയും ചെയ്യും. ചിലത് ലഭിക്കും, ചിലത് ലഭിക്കില്ല. ഇവിടെ ഭഗവാൻ ചിന്തിതപ്രദൻ ആണ്. ഭക്തൻ ആഗ്രഹിച്ച് ചോദിക്കുന്നവ മാത്രമല്ല, ചിന്തിക്കുന്നവ പോലും

നൽകുന്നവൻ. അതായത് ചോദിക്കാതെ തന്നെ എല്ലാ അഭീഷ്ടങ്ങളും നൽകി അനുഗ്രഹിക്കുന്നവൻ എന്നു താല്പര്യം.

ത്രിഭുവനങ്ങളിലും അർച്ചിക്കപ്പെടുന്ന ദേവതാ സ്വരൂപത്തോടു കൂടിയവനും ശിവസ്വരൂപനും ദേവാധി ദേവനും ദിവ്യദേശികനും എല്ലാലോകങ്ങളിലുമുള്ള എല്ലാ ദേവന്മാരാലും പൂജിക്കപ്പെടുന്നവനും ഭക്തന്മാർ ചോദിക്കാതെ തന്നെ സർവാഭീഷ്ടങ്ങളും പ്രദാനം ചെയ്യുന്നവനും ഹരിഹാരാത്മജനും ദേവനുമായ ശ്രീധർമ്മശാസ്താവിനെ ഞാൻ ആശ്രയിക്കുന്നു.

(തുടരും)

---

## ഷോഡശസംസ്കാരങ്ങൾ : ഭാഗം 1

(ഡോ. പി. വി. വിശ്വനാഥൻ നമ്പൂതിരി,
റിട്ട. സംസ്കൃതം പ്രൊഫസർ, ബസേലിയസ്



മനുസ്മൃതി രണ്ടാം അദ്ധ്യായം ധർമ്മലക്ഷണങ്ങളെക്കുറിച്ച് പറയുന്നു. ധർമ്മപാലനത്തിനു വേണ്ടതായ ഈ സംസ്കാരത്തെ പതിനാറു ഭാഗങ്ങളായി വിഭജിച്ചിട്ടുണ്ട്. അവയ്ക്ക ഷോഡശസംസ്കാരങ്ങൾ (പതിനാറു സംസ്കാരങ്ങൾ) എന്നാണ് പേര്. ഇവയെകുറിച്ച കൂടുതൽ പഠിക്കുമ്പോൾ ഇവ എല്ലാവർക്കും ഉപയോഗപ്രദമാണെന്ന് മനസിലാക്കാം. ഇവ മനുഷ്യ സംസ്കാരത്തിന്റെ പതിനാറു ഘട്ടങ്ങളെക്കുറിച്ചാണ് പറയുന്നത്. ഓരോരോ ഘട്ടങ്ങളിൽ ചെയ്യേണ്ട കർമ്മങ്ങൾ അനുഷ്ഠിച്ച് അവയിൽ നിന്നും ശക്തിയാർജ്ജിച്ചുകൊണ്ട് മുമ്പോട്ടു പോകുന്ന ഒരു വാഹനമാണ് ഈ ശരീരം. വഴിയിലുള്ള ഓരോ സ്റ്റേഷനിലും നിർത്തി, ഇന്ധനം, ജലം എന്നിവ സ്വീകരിച്ചു മുന്നോട്ടു പോയി പതിനാറു സ്റ്റേഷനുകളിലൂടെ പ്രയാണം ചെയ്തു പോകുന്ന ഒരു വണ്ടിയോട് ശരീരത്തെ നമുക്ക് ഉപമിക്കാം.

ഈ പതിനാറു ഘട്ടങ്ങളെക്കുറിച്ചാണ് ഇനി പ്രതിപാദിക്കുന്നത്. തനയാധാനം (ഗർഭാധാനം), പുംസവനം, സീമന്തം, ജാതകർമം, നാമകരണം (പേരിടൽ), നിഷ്ക്രമണം (വാതിൽ പുറപ്പാട്), അന്നപ്രാശനം, ചൂഡാകരണം (ക്ഷൗരം/ചൗളം), ഉപനയനം, വിദ്യാരംഭം, ഔപനിഷദം, മഹാനാമ്നം, സമാവർത്തനം, വിവാഹം, വാനപ്രസ്ഥം, അന്ത്യേഷ്ടി എന്നിവയാണ് ഷോഡശസംസ്കാരങ്ങൾ.

### 1 . തനയാധാനം (ഗർഭാധാനം)

തനയാധാനം അഥവാ ഗർഭാധാനം എന്നാൽ വെറും കാമകേളികൾ മാത്രമല്ലെന്ന തിരിച്ചറിവ് ഇന്നത്തെ

ജനങ്ങൾക്ക്, പ്രത്യേകിച്ച് യുവാക്കൾക്ക് വേണ്ടതാണ്. വിവാഹം ചെയ്യുന്നത് സന്താന സംവർധനത്തിനു വേണ്ടിയാണ്. 'പ്രജായൈ ഗൃഹമേധിനാം' എന്ന് കാളിദാസൻ രഘു വംശത്തിൽ പറയുന്നുണ്ട്. സന്താനലബ്ധിക്കാണ് ഗാർഹസ്ഥ്യം സ്വീകരിക്കുന്നത്. അത് വേണ്ടെങ്കിൽ വിവാഹത്തിന്റെ ആവശ്യമേയില്ല. കുട്ടികൾ വേണ്ടെന്നൊരു പ്രവണത ഇന്ന് യുവാക്കളിൽ ധാരാളമുണ്ട്. വധൂവരന്മാരുടെ ഒത്തുചേരൽ വെറും കാമകേളികൾക്കായി മാത്രമല്ല, വിവാഹത്തിലൂടെ നമുക്ക് മൂന്ന് വിധം കടങ്ങൾ വീട്ടാനുണ്ട് – ദേവഋണം, പിതൃഋണം, ഋഷിഋണം (ദേവന്മാരോടുള്ള കടപ്പാട്, പിതൃക്കളോടുള്ള കടപ്പാട്, ഋഷികളോടുള്ള കടപ്പാട്). പിതൃക്കളുടെ കടം വീട്ടാൻ അവരെപ്പോലുള്ള ഒരു സന്താനത്തെ സൃഷ്ടിക്കുമ്പോൾ മാത്രമേ സാധിക്കുകയുള്ളൂ, മാതാപിതാക്കൾ നമ്മെ സൃഷ്ടിച്ചതിന്റെ കടം വീട്ടാൻ അടുത്ത പരമ്പരയെ സൃഷ്ടിക്കുമ്പോൾ മാത്രമേ കഴിയൂ. ഈ വംശപരമ്പരയ്ക്ക് ഭംഗം വരുവാൻ നമ്മൾ നിമിത്തമാവരുത്. പ്രജകൾ പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണ്. അത് സൃഷ്ടികൊണ്ടേ സാധിക്കൂ. നമ്മെ സൃഷ്ടിച്ചതും ഇത്തരം സൃഷ്ടിക്കു വേണ്ടിയാണ്.

വിവാഹാനന്തരം ശുഭമുഹൂർത്തത്തിൽ നടക്കേണ്ടതാണ് ഗർഭാധാനം. നല്ല മുഹൂർത്തത്തിൽ വ്രതാനുഷ്ഠാനങ്ങളോടെ വേണം വധൂവരന്മാർ ഗർഭാധാനത്തിന് ശ്രമിക്കേണ്ടത്. സംയോഗവേളയ്ക്കുമുമ്പ് രണ്ടുപേരും വ്രതമിരുന്ന് സത്സന്താനലബ്ധിക്കായുള്ള പ്രാർത്ഥനയോടെ, മന്ത്രപൂർവ്വകമായി – മന്ത്രജപങ്ങൾകൊണ്ട് പരിശുദ്ധരായി വേണം സന്താനോത്പാദനം നടത്തേണ്ടത്. ശുഭമുഹൂർത്തമെന്ന് പറയുമ്പോൾ പകൽവേളകൾ ഇതിനു യോജ്യമല്ല, രാത്രിയിൽ രണ്ടാമത്തെ യാമം, അതായത് പത്തുമുതൽ രണ്ടുമണി വരെയുള്ള യാമത്തിലാണ് സന്താനസൗഭാഗ്യത്തിനായുള്ള സംഗമം ഉണ്ടാകേണ്ടത്. പുത്രലാഭപ്രാർത്ഥനയോടെ, സന്തുഷ്ടമനസ്സോടെ, ഐക്യമത്യചിന്തയോടെ, ഏകാഗ്രമായ മനസ്സോടെ പരസ്പരം സ്വീകൃതരായി തീരുന്ന മഹനീയമായ കർമ്മമാണ് ഗർഭാധാനമെന്ന സംസ്കാരം. ഇത്രയും സങ്കല്പങ്ങളോടെ ഈ സംസ്കാരം അനുഷ്ഠിക്കുമ്പോൾ സത്സന്താനങ്ങളെ ലഭിക്കുമെന്ന് പൂർവ്വികരായ ഋഷിമാരുടെയും രാജാക്കന്മാരുടെയും കഥകൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. ഈ തരത്തിലാണ് അവർ പ്രജകളെ സൃഷ്ടിച്ചത്. അല്ലാത്ത പക്ഷമുണ്ടാകുന്ന ദോഷങ്ങളും പറഞ്ഞിട്ടുണ്ട്.

## 2. പുംസവനം

ഗർഭാവസ്ഥയിൽ ഇപ്രകാരം വളരുന്ന ശിശുവിന്റെ മൂന്നാം മാസത്തിൽ നടത്തേണ്ട സംസ്കാരമാണ് പുംസവനം. ഈ ചടങ്ങ് ആൺകുട്ടി ഉണ്ടാകാൻ വേണ്ടിയാണെന്നൊരു തെറ്റിദ്ധാരണ പലർക്കുമുണ്ട്. നേരത്തെ പറഞ്ഞ 'പുമാൻ' എന്നാൽ പുരുഷൻ എന്നതു കൊണ്ടാകാം ഈ തെറ്റിദ്ധാരണ. ഈ

സംസ്കരണത്തിന്റെ ഉദ്ദേശ്യം പുംസ്ത്വം – അതായത് മനുഷ്യത ലഭിക്കാനാണ്. എത്രയോ യോനികളിൽ ജനിച്ചുവന്ന ജീവന്റെ പൂർവ്വജന്മാർജ്ജിതസംസ്കാരത്തെ, ഒരുപക്ഷെ മൃഗീയമോ, ദുഷ്ടമോ ആയ വാസനകൾ ഉള്ളതാണെങ്കിൽ അതെല്ലാം മാറ്റി, മനുഷ്യവാസനയുള്ള / മനുഷ്യശിശുവാകാനുള്ള മന്ത്രപൂർവ്വമായ ചടങ്ങുകൾ, ഹോമങ്ങൾ ഇതെല്ലാം ചേർന്നതാണ് പുംസവനം. ഇതിനൊപ്പം മാതാപിതാക്കൾ ഗർഭരക്ഷക്കു വേണ്ട ഔഷധങ്ങൾ, ജപം മുതലായ കാര്യങ്ങൾ ചെയ്തു കൊണ്ടേയിരിക്കണം. പിതാവ് ഈ സമയം ഗർഭദീക്ഷ എന്ന വ്രതം അനുഷ്ഠിക്കണം. സത്സന്താനലബ്ധിക്കായി ഈ തരത്തിൽ രണ്ടുപേരും വ്രതം അനുഷ്ഠിക്കണം. ഗർഭാവസ്ഥയിൽ പൂർണത എത്തിയിട്ടില്ലാത്ത ആ ശിശുരൂപത്തെ ജന്തുവാസനകളുള്ള സംസ്കാരം മാറ്റി മനുഷ്യസംസ്കാരം ലഭിക്കാൻ വേണ്ടി ചെയ്യുന്ന ചടങ്ങുകളാണ് പുംസവനം.

### 3. സീമന്തം

അഞ്ചാം മാസം കഴിഞ്ഞു ഏഴാം മാസമാകുന്ന സമയത്തിനിടയിലാണ് ശിശുവിന്റെ ശിരോലിഖിതം (തലയിലെഴുത്ത്) രേഖപ്പെടുത്തുന്നത്. ഈ ലിഖിതം ശിരസ്സിന്റെ മുകളിൽ നെറ്റിയിൽ നിന്നുള്ള ഒരു നേർരേഖയിൽ ആണ് എഴുതുന്നത്. ശിരോലിഖിതം നന്നായിരിക്കട്ടെ എന്ന പ്രാർത്ഥന ഈ സമയം ഉണ്ടായാൽ അത് കുഞ്ഞിന്റെ നല്ല ഭാവിക്കു സഹായകമാകും. ഇതാണ് സീമന്തത്തിന്റെ പ്രധാന ലക്ഷ്യം. ഈ സമയം മുള്ളുപോലുള്ള ഒരു വസ്തുകൊണ്ട് ശിരസ്സിൽ ഉരയ്ക്കുന്നു. സീമ എന്നാൽ അതിര്. സീമയുടെ അന്തം സീമന്തം. ശിരസ്സിന്റെ സീമ എന്നാൽ നെറ്റിയും തലമുടിയും തമ്മിൽ ചേരുന്ന ഭാഗം. ഈ സീമയുടെ അന്തത്തിൽ അഥവാ അഗ്രത്തിൽ– 'സീമന്തം' എന്ന ഈ ഭാഗത്തു നിന്ന് തുടങ്ങി മൂർദ്ധാവിലേക്കു പോകുന്ന നേർരേഖയാണ് ശിരോരേഖ അഥവാ സീമന്തരേഖ, ഇവിടെയാണ് ശിരോലിഖിതം എന്ന സങ്കല്പരേഖ.

ശിരോലിഖിതം നന്നാവാനുള്ള മന്ത്രങ്ങളും പ്രാർത്ഥനകളും അനുഷ്ഠാനങ്ങളുമാണ് ഈ സീമന്ത കാലത്തു ചെയ്യേണ്ടത്. ഇത്തരത്തിൽ ഗർഭാധാനം, പുംസവനം, സീമന്തം എന്നീ സംസ്കാരങ്ങളിലൂടെയും മാതാപിതാക്കളുടെ വ്രതദീക്ഷയോടെയും ജനിക്കുന്ന ശിശു നല്ല രീതിയിൽ മനുഷ്യത്വം കൈവരിക്കുകയും അവന്റെ ശിരോലിഖിതം നന്നായിത്തീരുകയും ചെയ്യും.

(തുടരും)

---

# വാപുരന്റെ എരുമേലി

## (ശ്രീ. വി. അരവിന്ദ് സുബ്രഹ്മണ്യം)

("ശാസ്താ അരവിന്ദ്" എന്ന് വിളിക്കപ്പെടുന്ന ശ്രീ അരവിന്ദ് സുബ്രഹ്മണ്യം, ശബരിമലയിൽ പൈംഗുനി ഉത്രം ആഘോഷം ആരംഭിക്കുന്നതിന് കാരണമായ ശ്രീ. സി വി ശ്രീനിവാസ

അയ്യരുടെ (ചാമി അണ്ണൻ) പ്രപൗത്രൻ ആണ്.— ആയതിനാൽ ഏതാണ്ട് ഒരു നൂറ്റാണ്ട് കാലത്തെ അടുപ്പം ശബരിമല ക്ഷേത്രവുമായി പുലർത്തുന്ന കുടുംബത്തിലെ അംഗം. കഴിഞ്ഞ 24 വർഷങ്ങളായി ശാസ്താ ആരാധനയിൽ തന്റെ ഗവേഷണം നടത്തുന്ന അദ്ദേഹം സ്വാമിയെ സംബന്ധിക്കുന്ന പത്തോളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. 500-നുമേൽ പേജുകൾ ഉള്ള 'ശ്രീ മഹാ ശാസ്താ വിജയം' (ശാസ്താവിനെ കുറിച്ചുള്ള ബൃഹത് പുരാണ സമുച്ചയം) അദ്ദേഹത്തിന്റെ രചനയാണ്. വിദ്യാഭ്യാസം, ധർമ്മം, മതം, ഭാരത സംസ്കാരം, പുരാണങ്ങൾ, ദേവി ആരാധന എന്നീ മേഖലകളിലും അനേകം ഗവേഷണ പ്രബന്ധങ്ങളും, ഗ്രന്ഥങ്ങളും രചിക്കുകയും പ്രഭാഷണങ്ങൾ നൽകിവരികയും ചെയ്യുന്നു)



(ധർമ്മശാസ്താക്ഷേത്രം)

എരുമേലി ശബരിമല തീർത്ഥാടനത്തിലെ ഒരു കേന്ദ്രബിന്ദുവാണ്; ലോകമെമ്പാടുമുള്ള ഭക്തജന സഹസ്രങ്ങൾ വന്നെത്തുന്ന ഇടം. ഇവിടെ നിന്നാണ് ശബരിമലയിലേക്കുള്ള ഏറ്റവും പ്രധാനപ്പെട്ട നീണ്ട കാനനയാത്ര ആരംഭിക്കുന്നത്. അതായത്, എരുമേലി യിൽ നിന്നാണ് ഭഗവാന്റെ പൂങ്കാവനം ആരംഭിക്കുന്നത്. പലപ്പോഴും നമ്മുടെ പല അയ്യപ്പ ഭക്തരും ഇവിടെ ഉള്ള 'വാവർ പള്ളി' സന്ദർശിക്കുന്നത് സംബന്ധിച്ച് വലിയ ധർമ്മസങ്കടം അനുഭവിക്കുന്നതായി കാണാറുണ്ട്. "ശ്രീ മഹാശാസ്താ വിജയം" എന്ന എന്റെ ഗ്രന്ഥത്തിൽ ഞാൻ ഇത് വിശദീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കൂടുതൽ വ്യക്തത നൽകുവാൻ കുറച്ചു കൂടി സമഗ്രമായ ഒരു ലേഖനം സഹായിക്കും എന്ന് കരുതുന്നു.

മണികണ്ഠ സ്വാമിയുടെ പുരാണ കഥയുമായി ബന്ധപ്പെട്ട ഒരു സ്ഥലമാണ് എരുമേലി. ശ്രീ ശാസ്താവിനെ എരുമേലിയിൽ വേട്ട ശാസ്താവായി ആണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. ഈ സ്ഥലത്തിന്റെ പൗരാണിക നാമം 'മഹിഷി മാരിക വനം' എന്നാണ്. (മഹിഷി — എരുമ, മാരിക — വധിക്കപ്പെടുക) ഇതാണ് പിന്നീട് 'എരുമ കൊല്ലി' അഥവാ 'എരുമേലി' ആയി മാറിയത്. അയ്യപ്പ ഭക്തർ ഇവിടെ വാവർ പള്ളിയിൽ ആരാധന നടത്തുവാൻ തുടങ്ങിയിട്ട് അധികം കാലം ആയിട്ടില്ല. ഇതൊരു കെട്ടിച്ചമച്ച കഥ ആണെന്ന് മാത്രമല്ല, ഈയ്യിടെയായി ഇവിടം സന്ദർശിച്ച് വണങ്ങുന്നത് ശബരിമല തീർത്ഥാടനം നടത്തുന്ന അയ്യപ്പ ഭക്തരുടെ

മേൽ അടിച്ചേൽപ്പിക്കുന്ന ഒരു പ്രവണതയും കൂടി വരുന്നു.

പുരാണത്തിലെ ശ്രീ ധർമ്മശാസ്താവിന്റെ മണികണ്ഠ അവതാര കഥ ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് സംഭവിച്ചതാണ്. വ്യക്തമായി പറഞ്ഞാൽ: ഇത് ദ്വാപര യുഗത്തിൽ നടന്ന കഥയാണ്. എന്നാൽ ഇസ്ലാം മതം ഉണ്ടായിട്ടു 1500 വർഷം പോലും പൂർത്തിയായിട്ടില്ല. പന്തളം 'കുമാരൻ ആര്യൻ കേരള വർമ്മൻ' ശബരിമല ക്ഷേത്ര പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയ കാലത്ത് വാവർ എന്നൊരു ഇസ്ലാമിക കടൽ കൊള്ളക്കാരനെ കുറിച്ച് പ്രതിപാദിക്കുന്നതായി കാണാം. ഇത് പക്ഷേ വളരെ അടുത്ത കാലഘട്ടത്തിൽ സംഭവിച്ച കഥയാണ്. പുരാണവും ചരിത്രവും സൗകര്യത്തിന് അനുസരിച്ച് കൂട്ടിക്കുഴച്ച് ഉണ്ടാക്കിയ പല വ്യാജനിർമ്മിതികളിൽ നിന്നും ജനിച്ച അബദ്ധധാരണകളിൽ ഒന്നാണ് പന്തളകുമാരന്റെ കാലത്ത് ഉണ്ടായ ഈ മുസ്ലിം വാവരുടെ കഥ. ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് ചോദിച്ചാൽ ജനങ്ങൾ ഈ മസ്ജിദ് സന്ദർശിക്കുക മാത്രമല്ല, അവടെ നിന്നും നൽകുന്ന വിഭൂതി പ്രസാദം (ഭസ്മം) സ്വീകരിക്കുകയും ചെയ്യുന്നു. എന്നാലോ, ശാസ്ത്ര ഗ്രന്ഥങ്ങൾ അനുസരിച്ച് വിഭൂതി ധരിക്കാത്തവരിൽ നിന്നും വിഭൂതി സ്വീകരിക്കുന്നത് കടുത്ത ദോഷം ആണ് താനും.

ശാസ്താ അവതാരമായ മണികണ്ഠന്റെ ലീലകൾ വർണ്ണിക്കുന്ന ബ്രഹ്മാണ്ഡ പുരാണത്തിലെ 'ഭൂതനാഥ ഉപാഖ്യാനം' മഹിഷി നിഗ്രഹവും, ശബരിമലയിൽ സ്വാമിയെ പ്രതിഷ്ഠിച്ചതും എല്ലാം വിവരിക്കുന്നു. ശബരിമല തീർത്ഥാടന സംബന്ധി ആയ ആചാര അനുഷ്ഠാന പരിചയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും വേണ്ടി അവലംബിക്കാവുന്ന ഒരു സുപ്രധാന പ്രാചീന ഗ്രന്ഥമാണിത്.

ശബരിമല തീർത്ഥാടനത്തെ കുറിച്ച് വിവരിക്കുന്ന ഒരു പൗരാണിക ഗ്രന്ഥത്തിലും ഇങ്ങനെ ഒരു മസ്ജിദിനെ പറ്റി പറയുന്നില്ല. (പുരാണങ്ങൾ ഇസ്ലാമിനും മുന്നേ രചിക്കപ്പെട്ടതാണ് എന്നതിനാൽ തന്നെ അവയിൽ മസ്ജിദ് ഉണ്ടാവാൻ യാതൊരു സാദ്ധ്യതയും ഇല്ല എന്നതാണ് വാസ്തവം). ശബരിമല തീർത്ഥാടന പാതയിൽ ആരാധിക്കേണ്ട പ്രമുഖ സ്ഥലങ്ങൾ മറ്റു പലതും ഉണ്ട്. വർഷങ്ങൾ ആയി വന്ദ്യവയോധികരായ ധാരാളം അയ്യപ്പന്മാർ ഇവിടമെല്ലാം കൃത്യമായി സന്ദർശിച്ച ആത്മാർത്ഥമായ അനുഷ്ഠാനങ്ങൾ നടത്തി വരുന്നു.

കാനന പാതയിൽ ഉടനീളം 'ക്ഷേത്രപാലക' ദേവതകൾ കുടികൊള്ളുന്ന വിശുദ്ധ സ്ഥാനങ്ങളുണ്ട്.

അതാത് സ്ഥലങ്ങളിൽ അതാത് ദേവതകളെ പ്രീതിപ്പെടുത്തുന്ന കർമ്മങ്ങൾ അനുഷ്ഠിക്കുന്ന കീഴ് വഴക്കമുണ്ട്. കാനനപാതയിൽ 'കോട്ട' എന്നറിയപ്പെടുന്ന ഏഴ് അത്തരം കേന്ദ്രങ്ങളുണ്ട്. അതിൽ ഒന്നാമത്തെ കേന്ദ്രമായ എരുമേലി, വാപുര കോഷ്ഠം— വാപുരന്റെ കോട്ട എന്നാണ് വിളിക്കപ്പെടുന്നത്.

അതായത്, ആദ്യത്തെ കോട്ടയായ എരുമേലിയിലെ (മഹിഷി മാരിക വനം) പാലക ദേവതയാണ് (ക്ഷേത്ര പാലകൻ) വാപുരൻ. രണ്ടാമത്തെ കോട്ടയിൽ നന്ദികേശ്വരൻ. മൂന്നാം കോട്ടയായ ഉടുമ്പാറയിൽ ഭൂതനാഥൻ. നാലാം കോട്ട കരിമലയിൽ ഭഗവതി. അഞ്ചാം കോട്ട നീലിമലയിലെ ശബരി ദുർഗ. ആറാം കോട്ട ശരംകുത്തിയിൽ അസ്ത്ര ഭൈരവൻ. ഏഴാം കോട്ടയിൽ പൊന്നു പതിനെട്ടാം പടിക്ക് അടുത്തായി കറുപ്പസ്വാമി.

"പുനരാഹൂയ തം പ്രാഹ വാപുരം മണികണ്ഠര:
ഇഹൈവ ഗോഷ്ഠമേകന്തു ഭൂത വൃന്ദൈ ശ്ച സത്വരം".
=എരുമേലിയിൽ ഒരു താവളം നിർമ്മിച്ച് ഭക്തജന സംരക്ഷണത്തിനായി അവിടെ കുടികൊള്ളുവാൻ മണികണ്ഠസ്വാമി വാപുരനോട് നിർദ്ദേശിക്കുകയുണ്ടായി. (ഭൂതനാഥ ഉപാഖ്യാനം അധ്യായം 6 ശ്ലോകം 6.93).

മുന്നോട്ട് പോകുന്ന വഴിയിൽ ഈ കോട്ടയിലെല്ലാം പൂജ ചെയ്യുന്നത് പ്രാചീന കാലം മുതൽക്ക് തന്നെ ഉള്ള ആചാരമാണ്. ഇന്ന് വന്ന് വന്ന് ഈ ആചാരങ്ങൾ എല്ലാം ഇല്ലാതായി കൊണ്ടിരിക്കുന്നു. എരുമേലിയിൽ നിന്നും ഓടാൻ ആരംഭിച്ചാൽ പമ്പയിൽ മാത്രം നിർത്തുന്ന ഒരു പ്രത്യേക ശീലം ഈയിടെയായി പലരും തുടങ്ങിയിട്ടുണ്ട്!! ഞങ്ങളുടെ കോയമ്പത്തൂർ 'മഹാ ശാസ്ത്ര വിരി', 'ഭൂത പാണ്ടി വിരി', തിരുനെൽവേലി, തിരുവനന്തപുരം എന്നീ ജില്ലകളിൽ നിന്നുമുള്ള ചില സംഘങ്ങൾ തുടങ്ങി ചുരുക്കം ചില പാരമ്പര്യ സംഘങ്ങൾ മാത്രമേ ഇപ്പോഴും ഈ പ്രാചീന ആചാരങ്ങൾ പാലിക്കുന്നുള്ളൂ.

ഈ കാവൽ ദേവതകൾ പലർക്കും വ്യക്തമായ ക്ഷേത്ര നിർമ്മിതികൾ നിലനിൽക്കുന്നില്ല. (കാളകെട്ടിയിലും ഉടുമ്പാറയിലും ഇന്ന് നാം കാണുന്ന ക്ഷേത്രങ്ങൾ വളരെ പുതിയതാണ്). അവരുടെ കോട്ടകളിൽ ചില പ്രത്യേക സ്ഥാനം ഈ ദേവതകൾ കുടികൊള്ളുന്ന ഇടങ്ങളാണ്. ഇതൊരു മരമോ, ശിലയോ ആവാം. ഈ ഇടങ്ങളിൽ ദേവതയെ ഒരു കല്ലിലോ വിളക്കിലോ ആവാഹിച്ച് ആരാധിക്കുന്നത് ആണ് കീഴ്വഴക്കം. അതായത്, ഒന്നാം കോട്ടയായ എരുമേലിയിൽ പാലക ദേവതയായ വാപുരനെയാണ് ആരാധിക്കേണ്ടത്.

'ശാസ്ത്ര പൂജ കല്പമഞ്ജരി' എന്ന ഗ്രന്ഥത്തിൽ ഇക്കാര്യമെല്ലാം വിവരിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടന

പാതയിൽ ആരാധിക്കേണ്ട ദേവതകളെ വ്യക്തമായി തന്നെ ഈ ഗ്രന്ഥം കൽപ്പിച്ചിട്ടുണ്ട്. വാപുരൻ പാലക ദേവതയായി കുടികൊള്ളുന്നത് ഇതിൽ വ്യക്തമായി പറയുന്നുണ്ട്.

'ഗണേശാം നൈരുതേ വായൗ
മഞ്ചാമ്പാം ച പ്രപൂജയേത്
ഭൈരവൗ ദ്വസിതാങ്കഞ്ച
പൂർവേ വാമേ ച വാപുരം'

(ശാസ്ത പൂജ കല്പ മഞ്ജരി അധ്യായം 7 ശ്ലോകം 23)

കൂടാതെ,ശബരിമലപുരാണമായ 'ഭൂതനാഥഉപാഖ്യാനം' മണികണ്ഠന് വാവർ എന്നൊരു മുസ്ലീം സുഹൃത്ത് ഉണ്ടായിരുന്നതായി ഒരിടത്തും പറയുന്നുമില്ല.

മറിച്ച്,

"വാപുര കട്ട ശബ്ദശ്ച വീരഭദ്രോതി വീര്യവാൻ
കൂപനേത്രോ കൂപകർണ്ണെ ഘണ്ടാ കർണ്ണെ മഹാബലി
ഇത്യാതയശ്ച ഭൂതസ്തെ വക്ഷാത് ഇതശ്ച തൈ സഃ
പ്രാപ്യ പമ്പാ തതാം ശിഖരം  ഭൂതാനാം പതിര വ്യയ:"

മണികണ്ഠ സ്വാമിയെ സേവിക്കുന്നതിനായി ഭൂമിയിൽ വന്ന വാപുരനും മറ്റു ഭൂതഗണങ്ങളും പമ്പാനദിയിലേക്ക് അങ്ങയെ അനുഗമിച്ചു. ഈ വാപുരനെ മണികണ്ഠന്റെ സഖാവായല്ല സേവകനായാണ് ഉപാഖ്യാനത്തിൽ വിവരിച്ചിരിക്കുന്നത്. (ഭൂത നാഥ ഉപാഖ്യാനം അധ്യായം 5 ശ്ലോകം 135)

[ഭൂതനാഥ ഉപാഖ്യാനത്തിന്റെ കാലഗണനയിൽ ചിലർ സംശയം പ്രകടിപ്പിക്കുകയും അത് 15–16 നൂറ്റാണ്ടുകളിൽ എഴുതിയതാണ് എന്ന് സമർത്ഥിക്കുന്നതായും കാണാം. ഇനി കാലഗണന കൃത്യം അല്ല എന്ന് കരുതിയാൽ പോലും വാവരെന്ന് പേരായ ഒരു മുസ്ലിം സഖാവ് ഈ ഗ്രന്ഥത്തിൽ എവിടേയും ഇല്ല തന്നെ]

"ധർമ്മ ശാസ്ത പൂജാ കൽപം" എന്ന ഉജ്ജ്വല ഗ്രന്ഥം രചിച്ച ശ്രീ ബാലദണ്ഡായുധപാണി സ്വാമിയും ഈ മസ്ജിദിൽ പോകുന്ന പ്രവണതയെ വ്യക്തമായി വിമർശിച്ചിട്ടുണ്ട്. മാത്രമല്ലാ, വാപുരൻ എന്ന ശിവഭൂതമാണ് ആരാധിക്കപ്പെടേണ്ടത് എന്നും ഒരു മുഹമ്മദനു ക്ഷേത്രാരാധനാ സമ്പ്രദായത്തിൽ യാതൊരു സ്ഥാനവും ഇല്ലെന്നും പ്രാമാണീകരിക്കുകയും ചെയ്തിരിക്കുന്നു.

പൗരാണിക കാലവും ചരിത്രവൽകൃത കാലവും തമ്മിൽ വലിയ ദൂരമുണ്ട്. മണികണ്ഠസ്വാമി മഹിഷി എന്ന പൗരാണിക സത്വത്തെ നിഗ്രഹിച്ചതിന് ശേഷമാണ് ശബരിഗിരിയിൽ ക്ഷേത്രം നിർമ്മിക്കപ്പെട്ടത്.

പ്രാചീന ഗ്രന്ഥങ്ങളും, പാട്ടുകളും, ശീലുകളും, ശ്ലോകങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ എല്ലാം തന്നെ 'എന്ത് ചെയ്യണം, ചെയ്യാൻ പാടില്ല' എന്ന കാര്യത്തിൽ വളരെ വ്യക്തമായ നടപടിക്രമങ്ങൾ വിവരിക്കുന്നുണ്ട്. ഇന്ന്

നമ്മൾ കാണുന്ന പല തെറ്റുകളും തലമുറകളിൽ നിന്നും ഈ വിവരങ്ങൾ കൈമാറിയപ്പോൾ സംഭവിച്ച വീഴ്ച ആവാം അല്ലെങ്കിൽ വ്യക്തമായ അജണ്ടയോട് കൂടെ ആസൂത്രണം ചെയ്ത കെട്ടിച്ചമച്ച കള്ളങ്ങളും ആവാം.

കേരളം പരശുരാമന്റെ ഭൂമിയാണ്; രാമായണ കഥയിലെ പല സംഭവങ്ങൾക്കും സാക്ഷിയായ ഇടം; ശബരിമല ക്ഷേത്രം പരശുരാമ പ്രതിഷ്ഠിതമാണെന്ന് പറയുമ്പോൾ ഇത് നടന്ന കാലവും അതിന്റെ പിന്നിലെ കാരണവും നാം പരിശോധിക്കേണ്ടത് ആവശ്യമാണ്. അടുത്ത കാലത്തിൽ കടന്നുകൂടിയ കീഴ്‌വഴക്കങ്ങൾ ധാർമ്മിക ആചാരങ്ങൾക്കും പൗരാണിക അനുഷ്ഠാന ങ്ങൾക്കും വിരുദ്ധം ആയിട്ടും അവയെ രണ്ടു കയ്യും നീട്ടി സ്വീകരിക്കുന്ന പ്രവണത ശരിയാണോ എന്ന് നാം വീണ്ടുവിചാരം ചെയ്യേണ്ടിയിരിക്കുന്നു.

കടുത്ത വ്രതാനുഷ്ഠാനങ്ങൾക്കു ശേഷം അയ്യനെ ദർശിക്കുവാൻ വേണ്ടി മല ചവിട്ടുന്ന ഓരോ അയ്യപ്പ ഭക്തരും ആചാരങ്ങൾക്ക് അനുസൃതമായി, അറിവില്ലായ്മ കൊണ്ട് പോലും യാതൊരു കീഴ്‌വഴക്കങ്ങളും തെറ്റി ക്കാതെ, ശ്രദ്ധയോടെ വേണം മല കയറാൻ. ഇത്തരം അനാവശ്യ വ്യതിചലനങ്ങളിൽ വീഴാതെ ധാർമ്മിക ആചാരങ്ങൾക്കനുസൃതമായി കൃത്യമായ വ്രതാനുഷ്ഠാന ത്തോടെ അയ്യനിൽ മനമർപ്പിച്ച് മല ചവിട്ടുന്ന ഏതൊരു ഭക്തനുമേലും തീർച്ചയായും ഭഗവാന്റെ കാരുണ്യ കടാക്ഷവർഷം ചൊരിയുമെന്നതിൽ തർക്കമില്ല.

## നമ്മുടെ പൈതൃകം - ജ്വാലാമുഖി ക്ഷേത്രം



ഹിമാചൽ പ്രദേശിലെ ജ്വാലാമുഖി പട്ടണത്തിൽ കാൻഗ്ര താഴ് വരയിൽ നിന്ന് 35 കിലോമീറ്റർ തെക്ക് ഭാഗത്താ യിട്ടാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഈ ക്ഷേത്രം "ജ്വാലാ ദേവിക്ക്" സമർപ്പിച്ചിരിക്കുന്നു– "പ്രകാശത്തിന്റെ ദേവത", "ജ്വലിക്കുന്ന ദേവത" അല്ലെങ്കിൽ 'ജ്വലിക്കുന്ന വായയുള്ളവൾ' എന്നും അറിയപ്പെടുന്നു.

പുരാതന ഐതിഹ്യങ്ങളിൽ, ഹിമാലയ പർവതങ്ങളിൽ അസുരന്മാർ ആധിപത്യം സ്ഥാപിക്കുകയും ദേവന്മാരെ ഉപദ്രവിക്കുകയും ചെയ്ത ഒരു കാലഘട്ടത്തെക്കുറിച്ച്

പറയുന്നു. മഹാവിഷ്ണുവിന്റെ നേതൃത്വത്തിൽ ദേവന്മാർ അവരെ നശിപ്പിക്കാൻ തീരുമാനിച്ചു... അവർ തങ്ങളുടെ ശക്തി കേന്ദ്രീകരിച്ചു, ഭൂമിയിൽ നിന്ന് വലിയ തീജ്വാലകൾ ഉയർന്നു. ആ അഗ്നിയിൽ നിന്ന് ഒരു പെൺകുട്ടി പിറന്നു. അവൾ 'ആദിശക്തിയായി' കണക്കാക്കപ്പെടുന്നു – ആദ്യത്തെ 'ശക്തി'.

'സതി' അല്ലെങ്കിൽ 'പാർവതി' എന്നറിയപ്പെട്ട ആ ദേവി പ്രജാപതി ദക്ഷന്റെ കൊട്ടാരത്തിൽ വളർന്നു, പിന്നീട് ശിവന്റെ പത്നിയായി. ഒരിക്കൽ സതിയുടെ പിതാവ് ശിവനെ അപമാനിക്കുകയും ഇത് അംഗീകരിക്കാൻ കഴിയാതെ സതി ആത്മഹത്യ ചെയ്യുകയും ചെയ്തു. തന്റെ പത്നിയുടെ മരണവാർത്ത കേട്ട പരമശിവൻ അതീവ കോപിഷ്ഠനായി. സതിയുടെ ശരീരവും ഉയർത്തി പിടിച്ച് ശിവൻ മൂന്ന് ലോകങ്ങളിലും താണ്ഡവമാടി. മറ്റ് ദേവന്മാരെല്ലാം ശിവന്റെ കോപത്തിന് മുന്നിൽ വിറച്ചു, സഹായത്തിനായി മഹാവിഷ്ണുവിനോട് അപേക്ഷിച്ചു. ശിവകോപം കുറയ്ക്കാൻ മഹാവിഷ്ണു തന്റെ ആയുധമായ സുദർശന ചക്രം കൊണ്ട് സതിയുടെ ശരീരത്തെ തുണ്ഡംതുണ്ഡമാക്കി. സതിയുടെ ശരീര കഷണങ്ങൾ വീണ സ്ഥലങ്ങളിൽ അമ്പത്തിയൊന്ന് പവിത്രമായ 'ശക്തിപീഠങ്ങൾ' നിലവിൽ വന്നു. സതിയുടെ നാവ് ജ്വാലാജിയിലാണ് വീണത്. അവിടെ ദേവി വളരെ ചെറിയ തീജ്വാലകളായി പ്രകടമായി, അത് വളരെ പഴക്കമുള്ള പാറയിലെ വിള്ളലുകളിലൂടെ നീലജ്വാലയായി കത്തിക്കൊണ്ടിരിക്കുന്നു.

നൂറ്റാണ്ടുകൾക്കുമുമ്പ് ഒരു പശുപാലകൻ / ഗോപാലൻ തന്റെ പശുക്കളിലൊന്നിന് എപ്പോഴും പാലില്ലാത്തതായി കണ്ടെത്തിയതായി പറയപ്പെടുന്നു. കാരണമറിയാൻ പശുവിനെ പിന്തുടർന്നു. പശുവിൻ പാൽ കുടിക്കുന്ന ഒരു പെൺകുട്ടി കാട്ടിൽ നിന്ന് വരുന്നത് അവൻ കണ്ടു, എന്നിട്ട് ഒരു മിന്നലിൽ അപ്രത്യക്ഷയായി. ഗോപാലൻ രാജാവിന്റെ അടുത്ത് ചെന്ന് വിവരം പറഞ്ഞു. സതിയുടെ നാവ് ഈ പ്രദേശത്ത് വീണുവെന്ന ഐതിഹ്യം രാജാവിന് അറിയാമായിരുന്നു. ആ പുണ്യസ്ഥലം കണ്ടെത്താൻ രാജാവ് ശ്രമിച്ചെങ്കിലും വിജയിച്ചില്ല. വീണ്ടും, കുറച്ച് വർഷങ്ങൾക്ക് ശേഷം, പർവതങ്ങളിൽ ഒരു തീജ്വാല കത്തുന്നത് താൻ കണ്ടതായി ഈ ഗോപാലൻ രാജാവിനെ അറിയിച്ചു. രാജാവ് സ്ഥലം കണ്ടെത്തി, വിശുദ്ധമായ ജ്വാലകൾ ദർശിച്ചു. അദ്ദേഹം അവിടെ ഒരു ക്ഷേത്രം പണിയുകയും, പൂജാരിമാർക്ക് പതിവായി ആരാധനകൾ നടത്താനുള്ള ഏർപ്പാടുകളും ചെയ്തു. പിന്നീട് പാണ്ഡവർ വന്ന് ക്ഷേത്രം പുതുക്കി പണിതെന്നാണ് വിശ്വാസം. "പഞ്ചൻ പഞ്ചൻ പാണ്ഡവൻ തേരാ ഭവൻ ബനായ" എന്ന ഇവിടത്തെ നാടൻ പാട്ട് ഈ വിശ്വാസത്തിന് സാക്ഷ്യം വഹിക്കുന്നു. രാജാ ഭൂമി ചന്ദ് ആണ് ആദ്യം ക്ഷേത്രം നിർമ്മിച്ചത്. ആയിരക്കണക്കിന് തീർഥാടകർ അവരുടെ ആത്മ സാക്ഷാത്കാരത്തിനായി വർഷം മുഴുവനും ദേവാലയം

സന്ദർശിച്ച വരുന്നു.

ജഗത്ഗുരു ശങ്കരാചാര്യർ ഇവിടം സന്ദർശിക്കുകയും ദേവിയെ ദർശിക്കുകയും ചെയ്തിരുന്നു. ഇവിടെ വിഗ്രഹ പ്രതിഷ്ഠ ഇല്ല, എപ്പോഴും ജ്വലിക്കുന്ന ജ്വാലകളിലൂടെ ദേവി ദർശനം നൽകുന്നു. മഹാകാളി, അന്നപൂർണ, ചണ്ഡി, ഹിംഗ്ലജ്, വിന്ധ്യാവാസിനി, മഹാലക്ഷ്മി, മഹാ സരസ്വതി, അംബിക, അഞ്ജനാ ദേവി എന്നീ ദേവതകളുടെ പേരിലാണ് ഈ ഒമ്പത് അഗ്നിജ്വാലകൾ അറിയപ്പെടുന്നത്, ഇന്ധനമോ മറ്റ സംവിധാനമോ ഇല്ലാതെ പാറയിലെ 9 വിടവുകളിലൂടെ എപ്പോഴും ജ്വലിക്കുന്നത് കാണാം. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയിലെ ശാസ്ത്രജ്ഞർ വിശദമായ പഠനത്തിന് ശേഷം ഇത് അത്ഭുതമാണെന്ന് സ്ഥിരീകരിച്ചിരുന്നു. ദിവസവും 5 നേരം നടക്കുന്ന 'ആരതി' ആണ് പ്രധാന പൂജ, രാത്രി വിശേഷാൽ ആരതിക്ക് ശേഷം ആദിശങ്കരാചാര്യരുടെ 'സൗന്ദര്യലഹരി'യിലെ 100 ശ്ലോകങ്ങളും പാരായണം ചെയ്യുന്നു. ക്ഷേത്രത്തിന് മുന്നിൽ എപ്പോഴും തിളയ്ക്കുന്ന വെള്ളമുള്ള ഒരു ചെറിയ കുളവും ഒരു അത്ഭുതമാണ്.

**ഭക്തനായ ധ്യാനു ഭഗത്തിന്റെ കഥ.**

മുഗൾ ചക്രവർത്തി അക്ബർ ഇന്ത്യ ഭരിച്ച കാലത്തെ സംഭവമാണിത്. നദൗൺ വില്ലേജിലെ താമസക്കാരനായ ഒരു ധ്യാനുഭഗത് ആയിരം ഭക്തർ ക്കൊപ്പം ജ്വാലാമാതാ ദർശനത്തിന് പോവുകയാ യിരുന്നു. ഇത്രയും വലിയ ഒരു സംഘം കണ്ടപ്പോൾ ചക്രവർത്തിയുടെ പടയാളികൾ അവരെ ഡൽഹിയിലെ ചാന്ദ്നി ചൗക്കിൽ തടഞ്ഞുനിർത്തി, ധ്യാനു ഭഗത്തിനെ കൊണ്ടുവന്ന് അക്ബറിന്റെ കോടതിയിൽ ഹാജരാക്കി.

അക്ബർ ചോദിച്ചു, "എവിടെയാണ് നിങ്ങൾ ഇത്രയധികം പേരെ കൊണ്ടുപോകുന്നത്?" ധ്യാനു ഭഗത് കൂപ്പുകൈകളോടെ മറുപടി പറഞ്ഞു, "ഞാൻ മാ ജ്വാലാ ദേവിയുടെ ദർശനത്തിന് പോകുന്നു. എന്റെ കൂടെയുള്ള ഇവരും അമ്മയുടെ ഭക്തരാണ്, തീർത്ഥാടനത്തിന് പോകുന്നു."

ഇത് കേട്ട് അക്ബർ പറഞ്ഞു, "ആരാണ് ഈ ജ്വാലാമാ? അവിടെ സന്ദർശിച്ചാൽ എന്ത് സംഭവിക്കും? ഭക്തൻ മറുപടി പറഞ്ഞു, "ജ്വാലാ മാ ലോകത്തിന്റെ സ്രഷ്ടാവും സംരക്ഷകയുമാണ്, അമ്മ ഭക്തരുടെ യഥാർത്ഥ പ്രാർത്ഥനകൾ സ്വീകരിക്കുകയും അവരുടെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റുകയും ചെയ്യുന്നു. അമ്മയുടെ മഹത്വം ആ സ്ഥാനത്ത് എപ്പോഴും ജ്വലിച്ച കൊണ്ടേയിരിക്കുന്നു. ഞങ്ങൾ എല്ലാവരും എല്ലാ വർഷവും ആ ക്ഷേത്രത്തിൽ അമ്മയുടെ ദർശനത്തി നായി പോകാറുണ്ട്. "

അക്ബർ ചോദിച്ചു, "നിങ്ങളുടെ ജ്വാലാമാതാവിന് ഇത്ര ശക്തിയുണ്ടെന്ന് ഞാൻ എങ്ങനെ വിശ്വസിക്കും? എല്ലാത്തിനുമുപരി, നിങ്ങൾ ആ അമ്മയുടെ ഭക്തരാണ്. നിങ്ങൾ എന്തെങ്കിലും അത്ഭുതം കാണിച്ചാൽ ഞങ്ങളും

അത് സ്വീകരിക്കും. ധ്യാനു ഭഗത് വളരെ ശാന്തമായാണ് മറുപടി പറഞ്ഞത്. "മഹാത്മൻ, ഞാൻ അമ്മയുടെ ഒരു ചെറിയ സേവകനാണ്, എനിക്ക് എന്ത് അത്ഭുതങ്ങൾ കാണിക്കാൻ കഴിയും?

അക്ബർ പറഞ്ഞു, "നിങ്ങളുടെ ഭക്തി സത്യമാണെങ്കിൽ, ആ മാതാ തീർച്ചയായും നിങ്ങളുടെ അഭിമാനം സംരക്ഷിക്കും. നിങ്ങളെപ്പോലുള്ള ഭക്തരെ അവർ ശ്രദ്ധിക്കുന്നില്ലെങ്കിൽ, അവരെ ആരാധിച്ചിട്ട് എന്ത് പ്രയോജനം? ഒന്നുകിൽ അവർ ഒരു ദേവതയാകാൻ അർഹയല്ല, അല്ലെങ്കിൽ നിങ്ങളുടെ ഭക്തി വ്യാജമാണ്. ഒരു പരീക്ഷണത്തിനായി ഞങ്ങൾ നിങ്ങളുടെ കുതിരയുടെ കഴുത്ത് വെട്ടുന്നു. നിങ്ങളുടെ ദേവിയോട് പ്രാർത്ഥിച്ച് അവന്റെ ജീവൻ തിരിച്ചു കൊണ്ടുവരുക." അങ്ങനെ കുതിരയുടെ കഴുത്ത് വെട്ടി മാറ്റി. ഒരു മാസത്തേക്ക് യാതൊരു ദോഷവും വരാതെ കുതിരയെയും കുതിരയുടെ തലയെയും സംരക്ഷിക്കണമെന്ന് ധ്യാനു ഭഗത് അഭ്യർത്ഥിച്ചു. അക്ബർ ധ്യാനു ഭഗത്തിന്റെ അഭ്യർത്ഥന സ്വീകരിക്കുകയും, തുടർന്ന് യാത്രയ്ക്ക് അനുമതി നൽകുകയും ചെയ്തു.

അവിടെ നിന്ന് പുറപ്പെട്ട ശേഷം ധ്യാനു ഭഗത് മറ്റ് ഭക്തർക്കൊപ്പം ജ്വാലാമാതാ ക്ഷേത്രത്തിലെത്തി. കുളികഴിഞ്ഞ് വന്ന്, ഭക്തർ രാത്രി മുഴുവൻ ഭജനയും ആരതികീർത്തനങ്ങളും ചൊല്ലി ദേവിയെ ആരാധിച്ചു. അടുത്ത ദിവസം രാവിലെ ധ്യാനുഭഗത് പറഞ്ഞു, "അല്ലയോ ദേവി! അവിടുന്ന് അന്തര്യാമിയാണ്. രാജാവ് എന്റെ ഭക്തി പരിശോധിക്കുന്നു, ദയവായി എന്റെ അഭിമാനം സംരക്ഷിച്ചാലും. അവിടുത്തെ അത്ഭുത ശക്തിയാൽ എന്റെ കുതിരയെ ജീവിപ്പിക്കേണമേ. ദേവീ, എന്റെ പ്രാർത്ഥന സ്വീകരിച്ചില്ലെങ്കിൽ, ഞാൻ എന്റെ തല വെട്ടി അവിടുത്തെ പാദങ്ങളിൽ സമർപ്പിക്കും, കാരണം അവമാനിതനായി ജീവിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് നല്ലത്. ഇതാണ് എന്റെ പ്രതിജ്ഞ. ദയവായി മറുപടി പറയൂ." കുറച്ചു നേരം അവിടെ നിശബ്ദത തളം കെട്ടി നിന്നു. ഉത്തരം ഒന്നും കിട്ടിയില്ല. തുടർന്ന് ധ്യാനു ഭഗത് തന്റെ തല വാൾ കൊണ്ട് വെട്ടി ദേവിക്ക് സമർപ്പിച്ചു...

ആ നിമിഷം, ജ്വാലാമാതാ പ്രത്യക്ഷപ്പെട്ടു, ധ്യാനു ഭഗത്തിന്റെ തല അവന്റെ ശരീരത്തിൽ തിരികെ വെച്ചു, അവൻ ജീവനോടെ എഴുന്നേറ്റു. അമ്മ ഭക്തനോട് പറഞ്ഞു, "ഡൽഹിയിൽ കുതിരയുടെ തലയും അതിന്റെ ശരീരത്തിൽ തിരികെ വെച്ച് ജീവൻ നൽകിയിട്ടുണ്ട്. എല്ലാ ആശങ്കകളും ഉപേക്ഷിച്ച് ഡൽഹിക്ക് പോകൂ. നാണക്കേടിന്റെ കാരണം എല്ലാം പരിഹരിച്ചു കഴിഞ്ഞു, നിങ്ങൾ ആഗ്രഹിക്കുന്നതെന്തും ചോദിക്കുക."

ധ്യാനു ഭഗത് അമ്മയുടെ പാദങ്ങളിൽ വണങ്ങി അപേക്ഷിച്ചു, "ഹേ ജഗദംബേ, അവിടുന്നെല്ലാവരും ശക്തരാണ്, ഞങ്ങൾ മനുഷ്യർ അജ്ഞരാണ്, ഭക്തി പ്രകടിപ്പിക്കേണ്ട രീതി പോലും അറിയില്ല. എന്നാലും, അമ്മേ! അവിടുത്തെ ഭക്തരെ ഇത്തരത്തിൽ

കഠിനമായി പരീക്ഷിക്കരുത്. എല്ലാവർക്കും അവരുടെ ശിരസ്സ് സമർ പ്പിക്കാൻ കഴിയില്ല. മാതാവേ, സാധാരണ വഴിപാടുകൾ കൊണ്ട് അവിടുത്തെ ഭക്തരുടെ ആഗ്രഹങ്ങൾ നിറവേറ്റിയാലും." ദേവി: "അങ്ങനെയാകട്ടെ! ഇനി മുതൽ ശിരസ്സിനു പകരം നാളികേരസമർപ്പണവും ആത്മാർത്ഥമായ പ്രാർത്ഥനയും നടത്തിയാൽ മതിയാകും." ഇത്രയും പറഞ്ഞ് ദേവി അപ്രത്യക്ഷയായി.

ഇതേ സമയം, ഡൽഹിയിൽ ദേവിയുടെ കൃപയാൽ കുതിരയുടെ തല ശരീരത്തോട് ചേർന്നു, ജീവനോടെ എഴുന്നേറ്റു. ഇതുകണ്ട രാജാവും മന്ത്രിമാരും ഞെട്ടിപ്പോയി. രാജാവ് തന്റെ സൈനികരെ ജ്വാലാജിയിലേക്ക് അയച്ചു. പട്ടാളക്കാർ തിരികെ വന്ന് അക്ബറിനോട് പറഞ്ഞു, "മലയിൽ നിന്ന് അഗ്നിജ്വാലകൾ ഉയർന്നു വരുന്നു, ഒരുപക്ഷേ ഈ തീജ്വാലകൾ കാരണമാകാം അത്ഭുതം സംഭവിക്കുന്നത്. അങ്ങ് ഉത്തരവിട്ടാൽ, ഞങ്ങൾ ഈ തീജ്വാലകൾ കെടുത്തിക്കളയാം, ഇതുവഴി ഒരു ഹിന്ദു ആരാധനാലയവും നശിപ്പിക്കപ്പെടും."

അക്ബർ ഇത് അംഗീകരിച്ചു. രാജഭടന്മാർ ആദ്യം ദേവിയുടെ തീജ്വാലകൾ പരന്ന ഇരുമ്പ് ഡിസ്കുകൾ കൊണ്ട് മൂടി വെച്ചു. എന്നാൽ ദൈവികമായ ജ്വാലകൾ പുറത്തുവന്ന് ഇരുമ്പ് ഡിസ്കുകൾ തകർത്തു കളഞ്ഞു. ഇതിനുശേഷം, ഒരു കനാലിന്റെ ഒഴുക്ക് തിരിച്ചുവിട്ട് കനാലിലെ വെള്ളം തുടർച്ചയായി തീജ്വാലയിലേക്ക് ഒഴുക്കി വിട്ടു. എന്നിട്ടും തീ ആളിക്കത്തുന്നത് നിലച്ചില്ല. അഗ്നിജ്വാലകൾ കത്തുന്നത് തടയാൻ കഴിയില്ലെന്നും തങ്ങളുടെ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടുവെന്നും സൈനികർ അക്ബറിനെ അറിയിച്ചു. ഇതറിഞ്ഞ അക്ബർ രാജസദസ്സിലെ പണ്ഡിതന്മാരുമായി ആലോചിച്ചു. അവിടെ നേരിൽ ചെന്ന് ആ ദിവ്യാത്ഭുതങ്ങൾ കാണാനും, വേണ്ടവിധം വഴിപാടുകൾ നടത്തി ദേവിയെ പ്രീതിപ്പെടുത്താനും പണ്ഡിതന്മാർ നിർദ്ദേശിച്ചു.

പണ്ഡിതന്മാരുടെ നിർദ്ദേശം അക്ബർ അംഗീകരിച്ചു. ഒരു വലിയ സ്വർണ്ണക്കുട ഉണ്ടാക്കി. എന്നിട്ട് അത് തന്റെ തോളിൽ വെച്ച് കാൽനടയായി ജ്വാലാജിയുടെ സവിധത്തിൽ എത്തി. ആ ദൈവീക ജ്വാലകളുടെ ദർശനം നടത്തി, ഭക്തിയോടെ തല കുനിച്ച്, കുറ്റബോധത്തോടെ പറഞ്ഞു തുടങ്ങി: "അമ്മേ, ഞാൻ അവിടുത്തേക്ക്ഒരു മഹത്തായ സ്വർണ്ണക്കുട സമർപ്പിക്കുന്നു. ഇന്നുവരെ, ഒരു രാജാവും ഇത്രയും മഹത്തായ സ്വർണ്ണക്കുട നൽകിക്കാണില്ല. ദയവായി എന്റെ വഴിപാട് സ്വീകരിക്കുക". അക്ബർ ഇത്തരത്തിൽ പൊങ്ങച്ചം പറഞ്ഞുകൊണ്ടിരുന്നപ്പോൾ, സ്വർണ്ണക്കുടയിൽ ഒരു ദിവ്യ ജ്വാല പ്രത്യക്ഷപ്പെട്ടു, തുടർന്ന് അത് അക്ബറിൽ നിന്ന് താഴേക്ക് വീണു. സ്വർണ്ണകുട താഴെ വീണയുടനെ അത് ഒരു വിചിത്രമായ ലോഹമായി മാറി, അത് ഇരുമ്പോ പിച്ചളയോ ചെമ്പോ മറ്റേതെങ്കിലും ലോഹമോ അല്ല, ഒരു അജ്ഞാത ലോഹം. അങ്ങിനെ ദേവി ആ വഴിപാട് നിരസിച്ചു.

ഈ അത്ഭുതം കണ്ട അക്ബർ ദേവിയെ പലതരത്തിൽ സ്തുതിക്കുകയും, അമ്മയോട് ക്ഷമ ചോദിക്കുകയും, നിരവധി പ്രാർത്ഥനകളും നടത്തിയ ശേഷം ഡൽഹിയിലേക്ക് മടങ്ങുകയും ചെയ്തു. ഡൽഹിയിലെത്തിയ ശേഷം എല്ലാ ഭക്തരോടും ഇനിമുതൽ സ്നേഹത്തോടെ പെരുമാറുവാൻ അദ്ദേഹം തന്റെ സൈനികരോട് ആജ്ഞാപിക്കുകയും ചെയ്തു.

ഇന്നും, ജ്വാലാമാതാ ക്ഷേത്രത്തിൽ, അക്ബർ സമർപ്പിച്ച ഛിന്നഭിന്നമായ ആ കുട ഇപ്പോഴും പ്രദർശിപ്പിച്ചിരിക്കുന്നു, അത് കാഴ്ചയിൽ സ്വർണ്ണം പോലെ തോന്നും, ഭാരവും സ്വർണ്ണത്തിന്റേത് തന്നെ. എന്നാൽ ഈ ലോഹം ഇപ്പോഴും ലോകത്തിന് അജ്ഞാതമാണ്. പുരാതന കാലം മുതൽ ജ്വാലാമുഖി ഒരു വലിയ തീർത്ഥാടന കേന്ദ്രമായി മാറിയിട്ടുണ്ട്. ജയ് മാതാ ദീ..

--------------------------------

## വിഷ്ണുസഹസ്രനാമം





ഒരിക്കൽ ആരോ മഹാ പെരിയവാർ@കാഞ്ചി പരമാചാര്യ ചന്ദ്രശേഖര സരസ്വതിയുമായി അഭിമുഖം നടത്തുകയായിരുന്നു.. ആ മാന്യൻ ഒരു ടേപ്പ് റെക്കോർഡർ ഉപയോഗിച്ച് അഭിമുഖം റെക്കോർഡ് ചെയ്തു. പെരിയവാർ അപ്പോൾ ഒരു ചോദ്യം ഉന്നയിച്ചു: "അറിയപ്പെടുന്ന ഏറ്റവും പഴയ ടേപ്പ് റെക്കോർഡർ ഏതാണെന്ന് ആർക്കെങ്കിലും അറിയാമോ?".

ആർക്കും ഉത്തരം പറയാൻ കഴിഞ്ഞില്ല. അപ്പോൾ മഹാ പെരിയവാ മറ്റൊരു ചോദ്യം ചോദിച്ചു: "വിഷ്ണുസഹസ്ര നാമം എങ്ങനെ വന്നു?" "ഭീഷ്മ പിതാമഹൻ ഇത് നമുക്ക്തന്നു" എന്ന് ആരോ പറഞ്ഞു. അപ്പോൾ മഹാ പെരിയവാ മറ്റൊരു ചോദ്യം ഉന്നയിച്ചു: "എല്ലാവരും കുരുക്ഷേത്രത്തിൽ യുദ്ധക്കളത്തിൽ ഭീഷ്മർ പറയുന്നത് കേൾക്കുമ്പോൾ, ആരാണ് കുറിച്ചെടുത്തത്?"

വീണ്ടും നിശബ്ദത. മഹാപെരിയവാർ വിശദീകരിച്ചു: "ഭീഷ്മർ മഹാവിഷ്ണുവിനെ സഹസ്രനാമം കൊണ്ട് സ്തുതിക്കുമ്പോൾ, എല്ലാവരും അദ്ദേഹത്തെ നോക്കിയിരിക്കുകയും കൃഷ്ണനും വ്യാസനുമടക്കം ശ്രദ്ധാപൂർവം കേൾക്കുകയും ചെയ്തു. അദ്ദേഹം 1000 നാമങ്ങൾ പൂർത്തിയാക്കിയ ശേഷം ആദ്യം പ്രതികരിച്ചത് യുധിഷ്ഠിരർ ആയിരുന്നു. അദ്ദേഹം പറഞ്ഞു, 'പിതാമഹൻ വാസുദേവന്റെ 1000 മഹത്തായ നാമങ്ങൾ ചൊല്ലിക്കഴിഞ്ഞു. ഞങ്ങൾ എല്ലാവരും ശ്രദ്ധിച്ചു, പക്ഷേ ഞങ്ങളാരും അത്

എഴുതിയെടുത്തിയിട്ടില്ല.' അപ്പോൾ എല്ലാവരും കൃഷ്ണന്റെ നേരെ തിരിഞ്ഞു അദ്ദേഹത്തിന്റെ സഹായം അഭ്യർത്ഥിച്ചു. പതിവുപോലെ അദ്ദേഹം പറഞ്ഞു, 'നിങ്ങളെപ്പോലെ ഞാനും കേൾക്കുകയായിരുന്നു. നമുക്ക് എന്ത് ചെയ്യാൻ കഴിയും?'

അമൂല്യമായ ആ സഹസ്രനാമങ്ങൾ വീണ്ടെടുക്കാൻ സഹായിക്കണമെന്ന് എല്ലാവരും കൃഷ്ണനോട് അപേക്ഷിച്ചു. അപ്പോൾ കൃഷ്ണൻ പറഞ്ഞു, 'അത് സഹദേവന് മാത്രമേ ചെയ്യാൻ കഴിയൂ, വ്യാസൻ അത് എഴുതിയെടുക്കും.'

സഹദേവന് അത് എങ്ങനെ സാധിക്കുമെന്ന് അറിയാൻ എല്ലാവർക്കും ആഗ്രഹമുണ്ടായിരുന്നു. കൃഷ്ണൻ മറുപടി പറഞ്ഞു: 'സഹദേവൻ മാത്രമാണ് ശുദ്ധസ്പടികം ധരിച്ചിരിക്കുന്നത്. അദ്ദേഹം ശിവനെ പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്താൽ സ്പടികത്തെ ശബ്ദ തരംഗങ്ങളാക്കി മാറ്റാനും വ്യാസന് അത് എഴുതിയെടുക്കാനും കഴിയും. തുടർന്ന് സഹദേവനും വ്യാസനും സഹസ്രനാമ പാരായണം ചെയ്ത ഭീഷ്മരുടെ സമീപം താഴെ ഇരുന്നു. സ്പടികത്തിൽ നിന്ന് ശബ്ദതരംഗങ്ങൾ വീണ്ടെടുക്കാൻ സഹദേവൻ ധ്യാനം ആരംഭിച്ചു.

ശ്വേതാംബരനും ശുദ്ധസ്പടികവുമാണ് മഹേശ്വരൻ. ശാന്തമായ അന്തരീക്ഷത്തിൽ ശബ്ദങ്ങൾ പിടിച്ചെടുക്കുകയും ശരിയായ ധ്യാനത്തിലൂടെ അവ തിരികെ ലഭിക്കാവുന്നതുമാണ് സ്പടികത്തിന്റെ സ്വഭാവം. അതിനാൽ, ലോകത്തിലെ ഏറ്റവും ആദ്യകാല ടേപ്പ് റെക്കോർഡർ നമുക്ക് അത്ഭുതകരമായ വിഷ്ണുസഹസ്രനാമം നൽകിയ ഈ സ്പടികമാണ്. മഹാ പെരിയവാർ ഇത് വിശദീകരിച്ചപ്പോൾ എല്ലാവരും സ്തംഭിച്ചിരുന്നുപോയി... സ്പടിക റെക്കോർഡിംഗിൽ നിന്ന്, വ്യാസനിലൂടെ അമൂല്യമായ വിഷ്ണുസഹസ്രനാമം നമ്മിലേക്ക് വന്നു.

മഹാഭാരതത്തിലെ അനുശാസന പർവത്തിലെ 135-ാം അധ്യായത്തിലാണ് മഹാവിഷ്ണുവിന്റെ 1,000 പേരുകൾ ഉൾക്കൊള്ളുന്ന സംസ്കൃതത്തിലുള്ള വിഷ്ണുസഹസ്രനാമം കാണുന്നത്. പത്മപുരാണം, സ്കന്ദപുരാണം, ഗരുഡപുരാണം എന്നിവയിലും ചെറിയ മാറ്റങ്ങളോടെ ഇത് കാണുന്നുണ്ട്. കുരുക്ഷേത്ര യുദ്ധക്കളത്തിൽ ശരശയ്യയിൽ കിടന്നു കൊണ്ട് കുരുവംശത്തിലെ മുത്തച്ഛനായ ഭീഷ്മർ യുധിഷ്ഠിരന് ഉപദേശിച്ചതാണ് മഹത്തായ വിഷ്ണുസഹസ്രനാമം.

യുധിഷ്ഠിരൻ ഭീഷ്മരോട് ഇനിപ്പറയുന്ന ചോദ്യങ്ങൾ ചോദിക്കുന്നു: "ഈ ലോകത്തിൽ എല്ലാവർക്കും ഒരേയൊരു അഭയം ആരാണ്? ലോകത്തിലെ ഏറ്റവും വലിയ ദൈവികശക്തി ആരാണ്? ആരെ സ്തുതിക്കുന്നതിലൂടെ ഒരാൾക്ക് ഐശ്വര്യത്തിൽ എത്തിച്ചേരാനാകും? അങ്ങയുടെ അഭിപ്രായത്തിൽ, എല്ലാ ധർമ്മങ്ങളിലും വച്ച് ഏറ്റവും വലിയ ധർമ്മം എന്താണ്? ആരുടെ നാമം ജപിച്ചുകൊണ്ട്, ഒരു ജീവിയ്ക്ക് സംസാര/ജീവിതചക്രത്തിന്റെ ബന്ധനങ്ങൾക്കപ്പുറത്തേക്ക് പോകാൻ കഴിയും?"

എല്ലാ ലോകങ്ങളുടെയും അധിപനും, പരമമായ പ്രകാശവും, പ്രപഞ്ചത്തിന്റെ സത്തയുമായ, സർവ

വ്യാപിയായ പരമ ഈശ്വരനായ വിഷ്ണുവിന്റെ ആയിരം നാമങ്ങളായ വിഷ്ണുസഹസ്രനാമം ജപിച്ചുകൊണ്ട് മനുഷ്യരാശിക്ക്എല്ലാ ദുഃഖങ്ങളിൽനിന്നും മുക്തരാകാൻ സാധിക്കുമെന്ന് പ്രസ്താവിച്ചുകൊണ്ട് ഭീഷ്മർ ഉത്തരം നൽകുന്നു: "ആരാണ് ബ്രഹ്മൻ. എല്ലാ പദാർത്ഥങ്ങളും, ചേതനവും അചേതനവും, അവനിൽ വസിക്കുന്നു, അവൻ എല്ലാ പദാർത്ഥങ്ങളിലും വസിക്കുന്നു".

തുടർന്ന് ഭീഷ്മർ വിഷ്ണുസഹസ്രനാമം ചൊല്ലുന്നു. അത് പിന്നീട് സഹദേവൻ ഓർമ്മിച്ചെടുത്തു ചൊല്ലുകയും വ്യാസൻ എഴുതിയെടുക്കുകയും ചെയ്തു.

## വിഷ്ണുസഹസ്രനാമത്തിന്റെ ശക്തി.

### (ശ്രീ. ദുഷ്യന്ത് ശ്രീധർ)

(ശ്രീ. ദുഷ്യന്ത് ശ്രീധർ : ചലച്ചിത്രസംവിധായകൻ, എഴുത്തുകാരൻ, തമിഴ്, ഇംഗ്ലീഷ് ഭാഷകളിൽ പബ്ലിക് സ്പീക്കർ; രാമായണം, ശ്രീ ഭാഷ്യം, ഗീതാ ഭാഷ്യം, രഹസ്യ-ത്രയ സാരം, ഭഗവദ് വിഷയം എന്നിവ അടിസ്ഥാനമാക്കി പ്രഭാഷണങ്ങൾ നടത്തുന്നു. ബിറ്റ്സ് പിലാനിയിൽ നിന്ന് കെമിക്കൽ എഞ്ചിനീയറിംഗിലും രസതന്ത്രത്തിലും സ്വർണ്ണ മെഡലോടെ ബിരുദം.)



ഗന്ധർവ്വ രാജകുമാരിയായ കാദംബരിയുടെയും ചന്ദ്രപീഡ എന്ന രാജകുമാരന്റെയും പ്രണയകഥ വിവരിക്കുന്ന, ബാണഭട്ടൻ എഴുതിയ സംസ്കൃതത്തിലെ ഏറ്റവും പഴയ നോവലാണ് "കാദംബരി".

ബാണഭട്ടൻ കാദംബരിയിൽ ഒരു സൂതികാഗൃഹം / പ്രസവ വാർഡിനെക്കുറിച്ച് വിവരിക്കുന്നു. പ്രസവ വാർഡിന്റെ ഒരു ഭാഗത്ത് ഒരു കൂട്ടം ആളുകൾ തുടർച്ചയായി, 24x7, വിഷ്ണുസഹസ്രനാമം ചൊല്ലിക്കൊണ്ടിരിക്കും, കാരണം, ഗർഭിണികൾ വിഷ്ണുസഹസ്രനാമം ശ്രവിച്ചാൽ അവർക്ക് സുഖ പ്രസവം ഉറപ്പാണ് എന്നത് അക്കാലത്തെ അംഗീകൃത സത്യമായിരുന്നു. "ബാണഭട്ടഃ സൂതിക ഗൃഹ വർണ്ണനേ അവിചിന്ന പട്ട്യമാന നാരായണ നാമ സഹസ്രം..."

'ബൃഹത് പരാശര ഹോര ശാസ്ത്രം' എന്നത് 1700 വർഷങ്ങൾക്ക് മുമ്പ് രചിക്കപ്പെട്ട, വൈദിക ജ്യോതിഷത്തിൽ, പ്രത്യേകിച്ച് ഹോര ശാഖയിൽ (പ്രവചന ജ്യോതിഷം, ഉദാ: ജാതകം) സംസ്കൃതത്തിൽ കാണുന്ന ഏറ്റവും സമഗ്രമായ ശാസ്ത്രമാണ്. ഹോരാശാസ്ത്രത്തിൽ, ഇങ്ങനെ വിവരിച്ചിരിക്കുന്നു: ആളുകൾ വൃക്ക സംബന്ധമായ / മൂത്ര സംബന്ധമായ, അണുബാധയുമായി ബന്ധപ്പെട്ട അസുഖങ്ങൾക്ക് ഒരു ഡോക്ടറുടെ അടുത്ത് പോകുമ്പോൾ ഡോക്ടർ മരുന്നുകൾനിർദ്ദേശിക്കാറുണ്ടായിരുന്നു, ഒടുവിൽ അവർ പ്രത്യേകം നിർദേശിക്കും: "ജപ്യം പുരുഷ സൂക്തം ഇത്യാരബ്യ തഥൈവ ഭഗവാൻ നാമ സഹസ്രം – ഇവ കഴിഞ്ഞ് വിഷ്ണുസഹസ്രനാമം മൂന്നു പ്രാവശ്യം പാരായണം".

ചരക സംഹിത (ചരക മഹർഷിയുടെ സമാഹാരം) എന്നത് ആയുർവേദത്തെക്കുറിച്ചുള്ള ഒരു സംസ്കൃത ഗ്രന്ഥമാണ്, ബിസി 100–നടുത്ത് എഴുതപ്പെട്ട സർവ വിജ്ഞാനകോശം. "വിഷ്ണു സഹസ്ര മൂർധാനാം ചരാചരപതിം വിഭും നാമ സഹസ്രേണ ജ്വരൻ ശ്രാവൺ വ്യഭോ ഗതിം". ചരക സംഹിത രോഗങ്ങളെക്കുറിച്ചും അതിന്റെ ചികിത്സകളെക്കുറിച്ചും വിശദീകരിക്കുന്നു. അക്കാലത്ത് പനിയും മറ്റ് അസുഖങ്ങളുമായി ഒരു രോഗി ഡോക്ടറുടെ അടുത്ത് പോകുമ്പോൾ ഡോക്ടർ കഴിക്കേണ്ട മരുന്നുകളുടെ ലിസ്റ്റ് എഴുതി അവസാനം "വിഷ്ണുസഹസ്ര നാമം മൂന്ന് തവണ ചൊല്ലുക" എന്ന് എഴുതുമായിരുന്നു.

പേറ്റന്റ് എന്ന സമ്പ്രദായം അക്കാലത്ത് ഉണ്ടായിരുന്നില്ല എന്ന് തോന്നുന്നു. എന്നിരുന്നാലും, ജഗദ്ഗുരു ശ്രീചന്ദ്രശേഖരേന്ദ്ര സരസ്വതി മഹാസ്വാമികൾ @ കാഞ്ചി (മുൻപേ സൂചിപ്പിച്ച അതേ സന്യാസി) , അല്ലെങ്കിൽ മഹാപെരിയവാർ (1894–1994) എന്നും അറിയപ്പെടുന്നു, വിഷ്ണുസഹസ്രനാമത്തിന്റെ ഫലത്തിന്റെ ഏറ്റവും പുതിയ ഉദാഹരണമായി കണക്കാക്കാം. 1960–കളിൽ ചെന്നൈ യിലെ റോയപ്പേട്ടയിൽ ക്യാമ്പ് ചെയ്യുന്നതിനിടെ അദ്ദേഹ ത്തിന് 104 ഡിഗ്രി പനി പിടിപെട്ടു. അദ്ദേഹത്തിന്റെ ശിഷ്യന്മാർ പരിഭ്രാന്തരായി ഒരു ഡോക്ടറെ കൊണ്ടുവന്നു. പക്ഷേ, സ്വാമികൾ വിനയപൂർവ്വം ചികിത്സ നിരസിച്ചു. ശിഷ്യരോട് വേദങ്ങൾ പഠിച്ച 150 പേരെ വിളിച്ചുകൊണ്ടുവന്ന് തനിക്ക് ചുറ്റും ഇരുന്നു വിഷ്ണുസഹസ്ര നാമം ചൊല്ലാൻ പറഞ്ഞു... പാരായണത്തിനൊടുവിൽ സ്വാമികളുടെ പനി മാറി, ശരീരോഷ്മാവ് സാധാരണ നിലയിലായതായി കണ്ടു.

വിഷ്ണുസഹസ്രനാമം നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാണ് – ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ, നവഗ്രഹങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾക്ക് വിഷ്ണുസഹസ്രനാമം പാരായണം ചെയ്യുന്നത് ഫലപ്രദമാണ്. അതേ, വിഷ്ണു സഹസ്രനാമം ഒട്ടും പണച്ചിലവില്ലാത്തതും, അതേസമയം വിലമതിക്കാനാവാത്തതുമായ ഒരു പ്രായശ്ചിത്തം/ പരിഹാരമാണ്.!"

———————————————

## വിവേകാനന്ദ റോക്ക് മെമ്മോറിയൽ – കന്യാകുമാരി

(ദേശീയ യുവദിനം – ജനുവരി 12,
സ്വാമി വിവേകാനന്ദന്റെ ജന്മദിനം : 1863–1902).



ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള കന്യാകുമാരിയിലെ ഒരു സ്മാരകവും പ്രശസ്തമായ ടൂറിസ്റ്റ് ആകർഷണവുമാണ് വിവേകാനന്ദ റോക്ക് മെമ്മോറിയൽ. കരയിൽ

വാവത്തുറൈയിൽ നിന്ന് 500 മീറ്റർ അകലെ സ്ഥിതി ചെയ്യുന്ന രണ്ട് പാറകളിൽ ഒന്നിലാണ് സ്മാരകം നില കൊള്ളുന്നത്. സ്വാമി വിവേകാനന്ദന്റെ ബഹുമാനാർത്ഥം 1970-ലാണ് ഇത് നിർമ്മിച്ചത്, അദ്ദേഹം ഈ പാറയിൽ നിന്ന് ബോധോദയം നേടിയതായി പറയപ്പെടുന്നു. 1970 സെപ്റ്റംബർ 2-ന് റോക്ക് മെമ്മോറിയൽ ഉദ്ഘാടനം ചെയ്തുകൊണ്ട് ഇന്ത്യൻ രാഷ്ട്രപതി ശ്രീ വി.വി. ഗിരി രാജ്യ നന്മക്കായി ഉണർന്നു പ്രവർത്തിക്കാൻ ജനങ്ങളോട് ആഹ്വാനം ചെയ്തു.

ഐതിഹ്യങ്ങൾ അനുസരിച്ച്, ഈ പാറയിലാണ് കന്യാകുമാരി ദേവി (പാർവ്വതി) ശിവഭക്തിയിൽ തപസ്സ് ചെയ്തത്. സന്ദർശകർക്ക് ധ്യാനിക്കുന്നതിനായി 'ധ്യാന മണ്ഡപം' എന്നറിയപ്പെടുന്ന ഒരു ധ്യാന ഹാളും സ്മാരക ത്തോട്അനുബന്ധിച്ചുനിർമ്മിച്ചിരിക്കുന്നു. മണ്ഡപത്തിന്റെ രൂപകൽപ്പനയിൽ ഇന്ത്യയിലെമ്പാടുമുള്ള ക്ഷേത്ര വാസ്തുവിദ്യയുടെ വ്യത്യസ്ത ശൈലികൾ ഉൾക്കൊള്ളുന്നു. ബംഗാൾ ഉൾക്കടൽ, ഇന്ത്യൻ മഹാസമുദ്രം, അറബി ക്കടൽ എന്നീ മൂന്ന് മഹാസമുദ്രങ്ങൾ സംഗമിക്കുന്ന ത്രിവേണിയിൽ ലക്ഷദ്വീപ് സമൂഹങ്ങളാൽ ചുറ്റപ്പെട്ടിരി ക്കുന്നു. ഈ സ്മാരകത്തിന്റെ രണ്ട് പ്രധാന ഘടകങ്ങളാണ് വിവേകാനന്ദ മണ്ഡപവും ശ്രീപാദ മണ്ഡപവും. സ്വാമി വിവേകാനന്ദൻ, തമിഴ്നാട്ടിലെ കന്യാകുമാരിയിലെ കടൽ നീന്തിക്കടന്ന് നടുക്കടലിലെ പാറയിൽ എത്തിച്ചേരുകയും അവിടെ അദ്ദേഹം ബോധോദയം നേടുന്നതുവരെ പാറയിൽ മൂന്ന് രാവും പകലും ധ്യാനിക്കുകയും ചെയ്തു.

## തുടക്കം.


1962 ജനുവരിയിൽ, സ്വാമി വിവേകാനന്ദന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച്, ഒരു കൂട്ടം ആളുകൾ കന്യാകുമാരി കമ്മിറ്റി രൂപീകരിച്ചു, പാറയിൽ ഒരു സ്മാരകവും പാറയിലേക്ക് ഒരു നടപ്പാലവും സ്ഥാപിക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. ഏതാണ്ട് ഇതേ സമയം, മദ്രാസിലെ രാമകൃഷ്ണ മിഷനും ഈ സ്മാരകം ആസൂത്രണം ചെയ്യാൻ തുടങ്ങിയിരുന്നു.

എന്നിരുന്നാലും, പ്രാദേശിക കത്തോലിക്ക മത്സ്യ ത്തൊഴിലാളികളുടെ ഗണ്യമായ വിഭാഗം ഈ വാർത്ത നല്ല രീതിയിൽ എടുത്തില്ല. അവർ ഈ പാറയിൽ കരയിൽ നിന്ന് കാണാവുന്ന രീതിയിലുള്ള ഒരു വലിയ കുരിശ് സ്ഥാപിച്ചു, ഇത് ഹിന്ദു ജനതയുടെ പ്രതിഷേധത്തിന് ഇടയാക്കി, പാറ ഹിന്ദുക്കളുടെ ആരാധനാലയമാണെന്ന് അവർ പറഞ്ഞു. മദ്രാസ് (ഇപ്പോൾ ചെന്നൈ) സർക്കാർ ഉത്തരവിട്ട ഒരു ജുഡീഷ്യൽ അന്വേഷണത്തിൽ പാറ വിവേകാനന്ദ പാറയാണെന്നും കുരിശ് ഒരു അതിക്രമമാ ണെന്നും അസന്ദിഗ്ധമായി പ്രസ്താവിച്ചു. ഈ പ്രശ്നങ്ങൾ ക്കിടയിൽ, രാത്രിയിൽ, കോഴിക്കോട്ടുനിന്ന് RSS നിയോഗിച്ച തിരഞ്ഞെടുത്ത 12 പേരുടെ മത്സ്യത്തൊഴി ലാളി സംഘം ശ്രീ. ലക്ഷ്മണൻജിയുടെ (ഇപ്പോൾ ജീവിച്ചിരിക്കുന്ന ഏക വ്യക്തി) നേതൃത്വത്തിൽ ഈ കുരിശ് പാറയിൽ നിന്ന് എടുത്തു കളഞ്ഞ് അവിടെ കാവിക്കൊടി ഉയർത്തി. സ്ഥിതിഗതികൾ ഗുരുതരമായപ്പോൾ ഗവ

ണ്ടെന്റ് പാറയെ നിരോധിത പ്രദേശമായി പ്രഖ്യാപിച്ചു, സായുധരായ ഗാർഡുകൾ പട്രോളിംഗ് നടത്തി.

ഇത് വിവേകാനന്ദ പാറയാണെന്ന് ഹിന്ദുക്കളും സെന്റ് സേവ്യേഴ്സ് പാറയാണെന്ന് ക്രിസ്ത്യാനികളും അവകാശപ്പെട്ടതോടെ പാറ ഒരു തർക്കഭൂമിയായി മാറുകയാണെന്ന് സർക്കാർ മനസ്സിലാക്കി. ആ പാറ വിവേകാനന്ദ പാറയാണെങ്കിലും അതിന്മേൽ ഒരു സ്മാരകവും നിർമ്മിക്കാൻ പാടില്ലെന്ന് വിധിച്ചു. അന്നത്തെ തമിഴ്നാട് മുഖ്യമന്ത്രി എം. ഭക്തവത്സലം പറഞ്ഞു: 'ഈ പാറ സ്വാമി വിവേകാനന്ദനുമായി ബന്ധപ്പെട്ടിരിക്കുന്നു വെന്ന് പ്രഖ്യാപിക്കുന്ന ഒരു ഫലകം മാത്രമേ സ്ഥാപിക്കാൻ കഴിയൂ, മറ്റൊന്നും അനുവദിക്കില്ല'. സർക്കാരിന്റെ അനുമതിയോടെ, 1963 ജനുവരി 17 ന് ഫലകം പാറയിൽ സ്ഥാപിച്ചു.

## ഏകനാഥ്റാനഡെയുടെ പ്രവർത്തനം:




ആദ്യ പടിയായി, രാമകൃഷ്ണ മഠത്തിന്റെയും മിഷന്റെയും പൂർണ്ണ പിന്തുണയോടെ ഏകനാഥ് റാനഡെയെ (ഈ പ്രത്യേക ഉദ്ദേശ്യത്തിനായി നിയോഗിക്കപ്പെട്ട ഒരു ആർഎസ്എസ് പ്രചാരക്) വിവേകാനന്ദ റോക്ക് സ്മാരക സമിതിയുടെ ഓർഗനൈസിംഗ് സെക്രട്ടറിയാക്കി, അതിനാൽ റോക്ക് മെമ്മോറിയൽ മിഷന്റെ ഔദ്യോഗിക ചുമതലയും അദ്ദേഹത്തിനായിരുന്നു.

സ്മാരകം പണിതാൽ പാറയുടെ പ്രകൃതിഭംഗി നശിക്കുമെന്ന് അന്നത്തെ കേന്ദ്ര സാംസ്കാരിക വകുപ്പ് മന്ത്രി ഹുമയൂൺ കബീർ തടസ്സം പറഞ്ഞതിനാൽ സ്മാരകം ഉയരാൻ അനുവദിക്കില്ലെന്ന് മുഖ്യമന്ത്രി ഭക്തവത്സലവും പ്രഖ്യാപിച്ചു. അതിനാൽ, ഇതിനെ മറികടക്കുവാനായി ലാൽ ബഹദൂർ ശാസ്ത്രിയുടെ ഉപദേശപ്രകാരം റാനഡെ ഡൽഹിയിൽ ക്യാമ്പ് ചെയ്തു. വിവേകാനന്ദ റോക്ക് മെമ്മോറിയലിന് എല്ലാവിധ പിന്തുണയും പ്രകടിപ്പിച്ച് കൊണ്ട് 3 ദിവസത്തിനുള്ളിൽ അദ്ദേഹം 323 പാർലമെന്റ് അംഗങ്ങളുടെ ഒപ്പ് ശേഖരിച്ചു, പ്രധാനമന്ത്രിക്ക് നിവേദനം സമ്മാനിച്ചു. ഭക്തവത്സലത്തിന് റോക്ക് സ്മാരകം നിർമ്മിക്കാൻ അനുവദിക്കുകയല്ലാതെ മറ്റൊരു മാർഗവുമില്ലാതായി.

ഭക്തവത്സലം 15 × 15 അടി വിസ്തീർണ്ണമുള്ള ഒരു ചെറിയ ശ്രീകോവിലിന് മാത്രമാണ് അനുമതി നൽകിയത്. കാഞ്ചി കാമകോടി പീഠത്തിലെ പരമാചാര്യരോടുള്ള അദ്ദേഹത്തിന്റെ ആദരവ് മനസ്സിലാക്കിയ റാനഡെ, റോക്ക് സ്മാരകത്തിന്റെ രൂപകൽപന നിർദേശിക്കുന്നതിനായി പരമാചാര്യരെ സമീപിച്ചു. പരമാചാര്യർ അംഗീകരിച്ച വലിയ ഡിസൈന് (130 അടിയും 1+1/2 ഇഞ്ച് × 56 അടിയും) ഭക്തവത്സലം മടികൂടാതെ സമ്മതിച്ചു.

രാഷ്ട്രീയ തടസ്സങ്ങളെല്ലാം നീങ്ങിയതോടെ നിർമ്മാണം പുരോഗമിക്കുകയായിരുന്നു. തന്റെ വഴി വന്ന എല്ലാ വെല്ലുവിളികളെയും അഭിമുഖീകരിച്ച് റാനഡെ മുന്നേറി

കൊണ്ടിരുന്നു: പാറ ഘടനാപരമായി ശക്തമാ ണെന്നും അതിന്മേൽ ഇത്രയും വലിയ സ്മാരകം സ്ഥാപി ക്കാൻ കഴിയുമെന്നും ശാസ്ത്രീയമായി സ്ഥാപിക്കൽ, ദൂരങ്ങളിൽ നിന്നും കടൽതീരത്തേക്കും അവിടെനിന്ന് പാറയിലേക്കും വലിയ കല്ലുകൾ കൊണ്ടുവരുന്ന ഭാരിച്ച ജോലികൾ, വെള്ളം, വൈദ്യുതി വിതരണം; വിദഗ്ധരായ കരകൗശല തൊഴിലാളികൾ എന്നിവരുടെ വർദ്ധിച്ച വരുന്ന ആവശ്യം; പാറയിലും കരയിലും ജെട്ടി പ്ലാറ്റ്ഫോമു കളുടെ നിർമ്മാണം, (പാറയിലേക്കുള്ള നടപ്പാലം എന്ന ആശയം ഉപേക്ഷിച്ചു); വലിയ കരകൗശലവസ്തുക്കൾ എത്തിക്കൽ, ജെട്ടി, പ്ലാറ്റ്ഫോം പ്രദേശങ്ങൾക്ക് ചുറ്റുമുള്ള മണ്ണ് നീക്കം ചെയ്യൽ, തുടങ്ങിയവയെല്ലാം റാനഡെയുടെ നേതൃത്വത്തിൽ പൂർത്തിയാക്കി.

എന്നിരുന്നാലും, മുഴുവൻ പ്രവർത്തനത്തിനും വേണ്ട ധനസമാഹരണം എന്നതായിരുന്നു ഏറ്റവും വലിയ വെല്ലുവിളി. റോക്ക് മെമ്മോറിയൽ മിഷന്റെ വിജയത്തിൽ റാനഡെയുടെ വിശ്വാസം വളരെ ശക്തമാ യിരുന്നു, ഫണ്ട് കുറവായിരുന്നപ്പോൾപോലും അദ്ദേഹം ഒരിക്കലും ജോലിയുടെ വേഗത കുറച്ചില്ല. ആർഎസ്എസ് പ്രവർത്തകരുടെ പൂർണ്ണ പിന്തുണയോടെ അദ്ദേഹം മുന്നോട്ടുപോയി.

വിവേകാനന്ദ പാറ സ്മാരകം ഒരു ദേശീയ സ്മാരക മാണെന്ന് റാനഡെ വിശ്വസിച്ചു; അതിനാൽ ഓരോ ഇന്ത്യക്കാരനെയും അതിന്റെ നിർമ്മാണത്തിന് സംഭാവന ചെയ്യാൻ ക്ഷണിച്ചു. അദ്ദേഹം മിക്കവാറും എല്ലാ സംസ്ഥാന സർക്കാരുകളേയും സമീപിക്കുകയും അവരുടെ സംഭാവന സ്വീകരിക്കുകയും ചെയ്തു, വടക്കു കിഴക്കൻ സംസ്ഥാനങ്ങളായ നാഗാലാൻഡിലേക്കും അരുണാചൽ പ്രദേശിലേക്കും നേരിൽ പോയി, അതിലൂടെ അവർക്കും ഈ മഹത്തായ ദേശീയ ഉദ്യമ ത്തിന്റെ ഭാഗമാകാൻ കഴിഞ്ഞു. കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി ഇ എം എസ്സിന്റെ കേരളമൊഴികെ എല്ലാ സംസ്ഥാനങ്ങളും സംഭാവന നൽകി. (പിന്നീട് അച്യുതമേനോൻ മുഖ്യമന്ത്രിയായപ്പോൾ ആ തെറ്റ് തിരുത്തുകയുണ്ടായി). സംഭാവനകളിൽ ഭൂരിഭാഗവും വന്നത് പൊതുജനങ്ങളിൽ നിന്നാണ്. റാനഡെ രാജ്യത്തുടനീളം 'ഒരു രൂപ' കൂപ്പണു കളുടെ പ്രചാരണം നടത്തി, ഇത് സാധാരണക്കാരന്റെ സംഭാവനകൾ സമാഹരിക്കാൻ ഉപയോഗിച്ചു.

വിവേകാനന്ദ കേന്ദ്രം – റോക്ക് സ്മാരകത്തിന്റെ ശിലാനിർമിതമായ സ്ഥാപനത്തോടൊപ്പം ഒരു ലിവിംഗ് മെമ്മോറിയൽ വേണമെന്ന് 1964-ൽ തന്നെ പരാമർശിക്കപ്പെട്ടിരുന്നു. ഏകദേശം ഒമ്പത് വർഷത്തെ അടിസ്ഥാന പ്രവർത്തനങ്ങൾക്ക് ശേഷം, സ്വാമി വിവേകാനന്ദന്റെ 108-ാം ജന്മവാർഷികത്തിൽ, 1972 ജനുവരി 7-ന് 'വിവേകാനന്ദ കേന്ദ്രം' ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടു. ആ ദിവസം, സൂര്യൻ ഉദിച്ചപ്പോൾ, വിവേകാനന്ദ പാറ സ്മാരകത്തിൽ 'ഓം' ആലേഖനം ചെയ്ത ഒരു കാവി പതാക ഉയർത്തി വിവേകാനന്ദ കേന്ദ്ര ത്തിന്റെ സ്ഥാപനം ആഘോഷിക്കപ്പെട്ടു. സന്യാസേതര

ക്രമത്തിന്റെ മറ്റൊരു ആത്മീയാധിഷ്ഠിത സേവന ദൗത്യമാണിത്. പശ്ചിമ ബംഗാൾ, തമിഴ്നാട് വാസ്തുവിദ്യകളുടെ സംയോജനവും പശ്ചിമ ബംഗാളിലെ ബേലൂരിലുള്ള രാമകൃഷ്ണ മഠത്തിന്റെ രൂപകൽപ്പനയുമാണ് സ്മാരക നിർമാണത്തിൽ ഉപയോഗിച്ചിരിക്കുന്നത്.

സ്വാമി വിവേകാനന്ദന്റെ തപസ്സിന്റെ പാരമ്പര്യം തുടർന്നു കൊണ്ട്, വിവേകാനന്ദ കേന്ദ്രത്തിന്റെ കാര്യകർത്താക്കളായി വരുന്ന യുവതി യുവാക്കൾ അദ്ദേഹത്തിന്റെ ഇനിപ്പറയുന്ന സന്ദേശം പ്രചരിപ്പിക്കുന്നതിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

"വിശുദ്ധിയുടെ തീക്ഷ്ണതയാൽ പ്രചോദിതരായ, ഈശ്വരനിലുള്ള ശാശ്വത വിശ്വാസത്താൽ ദൃഢീകരിക്കപ്പെട്ട മനസ്സോടുകൂടിയ, ദരിദ്രരോടും വീണുപോയവരോടും അധഃസ്ഥിതരോടും ഉള്ള സഹതാപത്താൽ സിംഹത്തിന്റെ ശൗര്യത്തോടെ ഒരു ലക്ഷം പുരുഷന്മാരും സ്ത്രീകളും രാജ്യം മുഴുവൻ സഞ്ചരിക്കും; രക്ഷയുടെ, സഹായത്തിന്റെ, സാമൂഹിക ഉന്നമനത്തിന്റെ, സമത്വത്തിന്റെ, മോക്ഷത്തിന്റെ സന്ദേശം പ്രസംഗിച്ചു കൊണ്ട് യാത്ര ചെയ്യും".

വിവേകാനന്ദ കേന്ദ്രത്തിന്റെ ഇരട്ട ലക്ഷ്യങ്ങൾ മനുഷ്യനിർമ്മാണവും രാഷ്ട്രനിർമ്മാണവുമാണ്. വിവേകാനന്ദ കേന്ദ്രം കേഡർ അടിസ്ഥാനമാക്കിയുള്ള ഒരുസംഘടനയായിരിക്കണമെന്ന് റാനഡെ തീരുമാനിച്ചു. രാഷ്ട്രത്തെ സേവിക്കാൻ ആഗ്രഹിക്കുന്ന യുവാക്കൾക്കും യുവതികൾക്കും മനുഷ്യനിൽത്തന്നെ ദൈവത്തെകണ്ട് സേവിക്കാനുള്ള അവസരവും ഇവിടെ ലഭിക്കുന്നു.

മൂന്ന് സമുദ്രങ്ങളുടെ സംഗമം (ത്രിവേണി) കൊണ്ട് പവിത്രമായ കന്യാകുമാരിയിലെ മറ്റ് രണ്ട് അത്ഭുതങ്ങൾ ദേവി കന്യാകുമാരി ക്ഷേത്രവും, തമിഴ് ചിന്തകനും കവിയും, 'തിരുക്കുറൾ' എന്ന തമിഴ് ധാർമ്മിക ഗ്രന്ഥത്തിന്റെ രചയിതാവുമായ തിരുവള്ളുവരുടെ പ്രതിമയുമാണ്.

തന്റെ കാലശേഷവും തന്റെ ഈ ജോലി തുടരുമെന്നും തന്റെ പൂർത്തിയാകാത്ത ജോലി തുടരാൻ വരും തലമുറകളെ പ്രചോദിപ്പിക്കുമെന്നും സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. സ്വാമിജി അത് അസംഖ്യം വഴികളിലൂടെ ചെയ്തു കൊണ്ടിരിക്കുന്നു. കന്യാകുമാരിയിലെ വിവേകാനന്ദ ശിലാ സ്മാരകം അത്തരത്തിലുള്ള പ്രചോദനത്തിന്റെ അനശ്വരമായ ഉറവിടമാണ്.

---------------------------------------------

## സുഭാഷിതം – 36

അദ്വേഷ്ടാ സർവ്വഭൂതാനാം
മൈത്രഃ കരുണഃ ഏവ ച;
നിർമ്മമോ നിരഹങ്കാരഃ
സമ-ദുഃഖ-സുഖഃ ക്ഷമീ.

(ഗീത 12.13).

अद्वेष्टा सर्वभूतानां मैत्रः करुण एव च ।
निर्ममो निरहङ्कारः समदुःखसुखः क्षमी ॥
(गीता 12.13)

**അർത്ഥം:** സർവഭൂതങ്ങളോടും വെറുപ്പോ വിദ്വേഷമോ ഇല്ലാത്തവനും, മൈത്രീഭാവവും കാരുണ്യവും മനസ്സിൽ ഉള്ളവനും, നിർമ്മമത്വം പുലർത്തുന്നവനും (ഒന്നിലും എന്റേതെന്ന സ്വാർത്ഥ വിചാരം ഇല്ലാത്തവൻ നിർമ്മമൻ) അഹങ്കാരമില്ലാത്തവനും, സുഖദുഃഖങ്ങൾ സമമായി കാണുന്നവനും, ക്ഷമയുള്ളവനും ആണ് യഥാർത്ഥ ഭക്തൻ. ഒരു ഭക്തന്റെ ഏറ്റവും വലിയ ലക്ഷണമാണ് ഒരാളോടും വെറുപ്പോ വിദ്വേഷമോ ഇല്ലാതെ പെരുമാറുക എന്നത്. കാരണം, എല്ലാവരുടെയും ഉള്ളിലും ഭഗവാൻ തന്നെയാണ്. ഞാൻ ഒരാളെ വെറുക്കുന്നുവെങ്കിൽ, അയാളിലുള്ള ഭഗവാനേയും വെറുക്കുന്നു എന്നർത്ഥം. അപ്പോൾ അവിടെ ഭക്തിക്ക്സ്ഥാനമില്ല. അതുപോലെ തന്നെ ഭക്തിയുടെ ലക്ഷണങ്ങളാണ് കാരുണ്യം, മൈത്രീഭാവം, നിർമ്മമത്വം, നിരഹങ്കാരം, സുഖദുഃഖങ്ങളോടുള്ള സമഭാവന, ക്ഷമ എന്നീ ഗുണങ്ങളും.

---

## അണിമാദി അഷ്ട ഐശ്വര്യ സിദ്ധികൾ

അണിമാ മഹിമാ ചൈവ
ലഘിമാ ഗരിമാ തഥാ
ഈശിത്വം ച വശിത്വം ച
പ്രാപ്തി പ്രാകാശ്യമേവച.

1.അണിമാവ് = ഇഷ്ടപ്രകാരം ചെറുതാകുവാനുള്ള കഴിവ്
2.മഹിമാവ് = വലുതാകാനുള്ള കഴിവ്
3.ലഘിമാവ് = ഭാരം കുറയുക
4.ഗരിമാവ് = ഭാരം കൂട്ടുക
5.ഈശിത്വം = തന്റെ കല്പനകൾക്കും നിശ്ചയങ്ങൾക്കും തടസ്സമില്ലായ്മ.
6. വശിത്വം= ആരെയും സ്വാധീനിക്കാനുള്ള കഴിവ്
7. പ്രാപ്തി = സാധാരണക്കാർക്ക് മനസ്സുകൊണ്ടുപോലും ദുർഗ്രാഹ്യങ്ങളായ ചന്ദ്രാദികളെ പ്രാപിക്കാനുള്ള കഴിവ്
8.പ്രാകാശ്യം=ഇഷ്ടപ്രകാരംഎവിടെയുംപ്രകാശിക്കാൻ/ പ്രത്യക്ഷപ്പെടാനുള്ള സിദ്ധി.

ഇവ ഈശ്വരന് സ്വതസിദ്ധമാണ്. യോഗീശ്വരന്മാർ കഠിന തപസ്സിലൂടെ ഓരോന്നായി നേടുന്നു, തപശ്ശക്തിക്കനുസരിച്ച് സ്വായത്തമാകുന്നു. പുരാണങ്ങളിൽ ഋഷീശ്വരന്മാരുടെ ഈ അണിമാദി സിദ്ധികളുടെ വർണ്ണനകൾ കാണാം.

---

## ഭഗവത് ഗീത – ഒന്നാം ആധ്യായം –

### അർജ്ജുനവിഷാദയോഗം – (ശ്ലോകം : 41–47)



ശ്ലോകം – 41

അധർമ്മാഭിഭവാത് കൃഷ്ണ!
പ്രദുഷ്യന്തി കുലസ്ത്രീയഃ
സ്ത്രീഷു ദുഷ്ടാസു വാർഷ്ണേയ!
ജായതേ വർണ്ണസങ്കരഃ.

അല്ലയോ കൃഷ്ണാ, അധർമ്മം ബാധിച്ചാൽ കുലസ്ത്രീകൾ ദുഷിച്ചുപോകും, ഹേ കൃഷ്ണാ, സ്ത്രീകൾ ദുഷ്ടകളായിരിക്കുമ്പോൾ ജാതിസങ്കരം ഉണ്ടാകുന്നു.

ശ്ലോകം – 42

സങ്കരോ നരകായൈവ
കുലഘ്നാനാം കുലസ്യ ച
പതന്തി പിതരോഹ്യേഷാം
ലുപ്തപിണ്ഡോദകക്രിയാഃ

വർണ്ണ സങ്കരം കുലത്തിനും കുലനാശകന്മാർക്കും നരക കാരണമായി തന്നെ തീരുന്നു, അക്കാരണത്താൽ ഇവരുടെ പിതൃക്കൾ പിണ്ഡോദകക്രിയകൾ ലോപിച്ച് അധഃപതിക്കുന്നു.

ശ്ലോകം – 43

ദോഷൈരേതൈഃ കുലഘ്നാനാം
വർണ്ണസങ്കര കാരകൈഃ
ഉത്സാദ്യന്തേ ജാതിധർമ്മാഃ
കുലധർമ്മാശ്ച ശാശ്വതാഃ

വർണ്ണ സങ്കരമുണ്ടാക്കുന്ന കുലനാശകരുടെ ഈ പാപങ്ങളാൽ നിത്യങ്ങളായ ജാത്യാചാരങ്ങളും കുലധർമ്മങ്ങളും നശിപ്പിക്കപ്പെടുന്നു.

ശ്ലോകം – 44

ഉത്സന്നകുലധർമ്മാണാം
മനുഷ്യാണാം ജനാർദ്ദന!
നരകേ നിയതം വാസോ
ഭവതീത്യനുശുശ്രുമ

ഹേ കൃഷ്ണാ, കുല ധർമ്മങ്ങൾ നശിച്ചാൽ മനുഷ്യർക്ക് നരകത്തിൽ എപ്പോഴും വാസം ആകുന്നുവെന്ന് നമ്മൾ കേട്ടിട്ടുണ്ട്.

ശ്ലോകം – 45

അഹോ ബത! മഹത്പാപം
കർത്തും വ്യവസിതാ വയം
യദ്രാജ്യസുഖലോഭേന
ഹന്തും സ്വജനമുദ്യതാഃ

ഏത് കാരണത്താൽ ഞങ്ങൾ രാജ്യ സുഖത്തിലുള്ള അത്യാഗ്രഹത്താൽ ബന്ധുജനങ്ങളെ കൊല്ലുവാൻ തുനിഞ്ഞവരാകുന്നുവോ (അക്കാരണത്താൽ) മഹാ പാപത്തെ ചെയ്യുവാൻ നിശ്ചയിച്ചവരാകുന്നു, ആശ്ചര്യം (അയ്യോ) മഹാകഷ്ടം.

ശ്ലോകം – 46

യദി മാമപ്രതികാര –
മശസ്ത്രം ശസ്ത്രപാണയഃ
ധാർത്തരാഷ്ട്രാ രണേ ഹന്യു –
സ്തന്മേ ക്ഷേമതരം ഭവേത്.

ആയുധങ്ങൾ ധരിച്ചിരിക്കുന്ന ദുര്യോധനാദികൾ ആയുധം

എടുക്കാത്തവനും എതിർക്കാത്തവനുമായ എന്നെ യുദ്ധത്തിൽ കൊല്ലുന്നുവെങ്കിൽ അത് എനിക്ക് ഏറ്റവും ക്ഷേമമായി ഭവിക്കും.

ശ്ലോകം – 47

സഞ്ജയ ഉവാച:
ഏവമുക്ത്വാർജ്ജുനഃ സംഖ്യേ
രഥോപസ്ഥ ഉപാവിശത്
വിസൃജ്യ സശരം ചാപം
ശോകസംവിഗ്നമാനസഃ

സഞ്ജയൻ പറഞ്ഞു: അർജ്ജുനൻ ഇപ്രകാരം പറഞ്ഞിട്ട് വ്യസനം നിമിത്തം കലങ്ങിയ മനസ്സോട് കൂടിയവനായിട്ട് ശരത്തോട് കൂടിയ വില്ലിനെ എറിഞ്ഞ് യുദ്ധക്കളത്തിൽ ഇരുന്നു.

(ഒന്നാം അധ്യായം അവസാനിച്ചു)

(തുടരും)

---

## ക്വിസ് (വിജ്ഞാന പരീക്ഷ) – 21

(കുറിപ്പ്: സനാതന ധർമ്മം സംബന്ധിച്ചും, കൂടുതലും അയ്യപ്പവാണിയിൽ പ്രസിദ്ധീകരിച്ച വിഷയങ്ങൾ അടിസ്ഥാനമാക്കിയുമുള്ള ചോദ്യങ്ങൾ. ഉത്തരങ്ങൾ അയ്യപ്പവാണിയുടെ അടുത്ത ലക്കത്തിൽ. എല്ലാവർക്കും പങ്കെടുക്കാം. ഉത്തരങ്ങൾ 20 ദിവസത്തിനകം “9447211722” എന്ന നമ്പറിലേക്കു വാട്സാപ്പ് അയക്കണം. എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരങ്ങൾ നൽകുന്ന വ്യക്തിയുടെ വിവരങ്ങൾ അടുത്ത അയ്യപ്പവാണിയിൽ പ്രസിദ്ധീകരിക്കുന്നതാണ്)

**ചോദ്യങ്ങൾ:**

1. അർജ്ജുനനും ബഭ്രുവാഹനനും ഉലൂപിയും തമ്മിലുള്ള ബന്ധം എന്താണ്?
2. പിനാകം എന്ന ദിവ്യമായ വില്ല് ആരുടെ കൈവശം ഉണ്ടായിരുന്നതാണ്?
3. വൈകുണ്ഠത്തിലെ ദ്വാരപാലകർ ആരാണ്?
4. രാഹുകാലത്തിന്റെ ഏകദേശ കാലയളവ് എത്രയാണ്?
5. ലക്ഷ്മിയുടെ പ്രധാന രൂപങ്ങൾ ഏതൊക്കെയാണ്?
6. മഹാഭാരത യുദ്ധം കൂടാതെ കുരുക്ഷേത്ര എന്തിന് പ്രസിദ്ധമാണ്?
7. ഗുജറാത്തിലെ സർദാർ പട്ടേൽ പ്രതിമ വേറെ ഏതു പേരിലാണ് അറിയപ്പെടുന്നത്?
8. വിവേകാനന്ദ റോക്ക് മെമ്മോറിയൽ മിഷന്റെ പിന്നിൽ പ്രവർത്തിച്ച മഹദ് വ്യക്തി?
9. പ്രസിദ്ധമായ ജ്വാലാമുഖി ക്ഷേത്രം എവിടെയാണ് സ്ഥിതി ചെയ്യുന്നത്?
10. “തിരുവാഭരണവും” “തങ്കഅങ്കിയും” തമ്മിലുള്ള വ്യത്യാസം എന്താണ്?

**ഉത്തരങ്ങൾ (AV 12 – ഹരിവരാസനം ക്വിസ് 20)**

1. നൂറ് യജ്ഞങ്ങൾ നടത്തിയതിനാൽ ഇന്ദ്രനെ ശതക്രതു എന്നു വിളിക്കുന്നു.
2. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തെ എതിർത്ത

ധീരനായ ഇന്ത്യൻ വിപ്ലവകാരി, സ്വാതന്ത്ര്യസമര രക്തസാക്ഷി, ശഹിദ് ഖുദിറാം ബോസ് ആയിരുന്നു. മുസാഫർപൂർ ഗൂഢാലോചന കേസിൽ, വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട്, 1908 ഓഗസ്റ്റ് 11-ന്, 18 വയസ്സും 8 മാസവും മാത്രം പ്രായമുള്ളപ്പോൾ, അദ്ദേഹത്തെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ ഏറ്റവും പ്രായം കുറഞ്ഞ രക്ത സാക്ഷികളിൽ ഒരാളായി മാറ്റി.

3. അശോക ചക്രം 'സമയ ചക്രം' എന്നും അറിയപ്പെടുന്നു, അതിൽ 24 അഴികൾ (spokes) ദിവസത്തിന്റെ 24 മണിക്കൂറുകളെ പ്രതിനിധീകരിക്കുന്നു, അത് സമയത്തിന്റെ ചലനത്തിന്റെ പ്രതീകമാണ്. സ്വാതന്ത്ര്യത്തിനു മുമ്പുള്ള പതാകയിലെ ചർക്കയ്ക്കു പകരം വെള്ള പശ്ചാത്തലത്തിൽ നേവി ബ്ലൂ നിറത്തിലാണ് അശോക ചക്രം ചിത്രീകരിച്ചിരിക്കുന്നത്.
4. കന്യാകുബ്ജ രാജാവായിരുന്നു വിശ്വാമിത്രൻ.
5. ഗംഗയും യമുനയും കൂടാതെ പ്രയാഗിലെ ത്രിവേണി സംഗമത്തിലെ മൂന്നാമത്തെ നദിയാണ് സരസ്വതി.
6. ഋഷി ദുർവാസാവ് ശകുന്തളയെ ശപിച്ചു.
7. ലങ്കയിൽ തടവിലായിരുന്ന ശനിദേവനെ ശ്രീ ഹനുമാൻ മോചിപ്പിച്ചു.
8. അശ്വത്ഥാമാവ് പ്രയോഗിച്ച ബ്രഹ്മാസ്ത്രത്തിൽ നിന്ന് പരീക്ഷിത്തിനെ രക്ഷിച്ചത് ശ്രീകൃഷ്ണൻ.
9. എല്ലാ വർഷവും മകര - സംക്രമ സന്ധ്യയിൽ, ശബരിമല ശ്രീകോവിലിൽ ദീപാരാധന കഴിഞ്ഞയുടനെ പൊന്നമ്പലമേട്ടിൽ നിന്ന് മകരജ്യോതി ദർശിക്കാൻ കഴിയും.
10. യുവരാജാ മണികണ്ഠൻ കേരളത്തിലെ ആലപ്പുഴ ജില്ലയിലെ മുഹമ്മയിലെ ചീരപ്പൻചിറ കളരിയിൽ നിന്നാണ് കളരിപ്പയറ്റ്/ആയോധന കലകൾ പഠിച്ചത്. മണികണ്ഠനെ (സ്വാമി അയ്യപ്പൻ) കളരി പയറ്റ് പഠിപ്പിച്ച ഗുരുവാണ് 'ചീരപ്പൻചിറ പണിക്കർ'.

---------------------------------------

മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം നൽകിയവർ: ആരുമില്ല

---

# വാർത്തകൾ

## നാളെ മകരം 01, (ജനുവരി 14) - മകരവിളക്ക്

* ഇന്ന്, 2023 ജനുവരി 13 - ഉത്രം - സ്വാമി അയ്യപ്പന്റെ ദിവ്യമായ ജന്മനക്ഷത്രത്തിന്റെ ശുഭദിനം. SASS-ന്റെ നിർദ്ദേശപ്രകാരം, ലോകമെമ്പാടുമുള്ള അയ്യപ്പ ഭക്തർ സ്വന്തം വീടുകളിലും സമീപ ക്ഷേത്രങ്ങളിലും ദീപാരാധന, ഭജന, നീരാജനം തുടങ്ങിയവയോടെ ഉത്രം പൂജ നടത്തുന്നു.

* മണ്ഡല - മകരജ്യോതി തീർത്ഥാടനം: ശബരിമല ക്ഷേത്രം മകരജ്യോതി ഉത്സവത്തിനായി ഡിസംബർ 30 ന് വൈകിട്ട് 5 മണിക്ക് തുറന്നു. എല്ലാ ദിവസവും പുലർച്ചെ 3:00 മുതൽ രാത്രി 11:00 വരെ ദർശനം ലഭ്യമാണ്. എല്ലാ ദിവസവും രാവിലെ 11.30 വരെ നെയ്യഭിഷേകം നടക്കും. 2023 ജനുവരി 19 ന്

മാളികപ്പുറം ക്ഷേത്ര സമുച്ചയത്തിൽ ഗുരുതി കഴിഞ്ഞ് 14 ന് മകരജ്യോതിക്ക് ശേഷം ജനുവരി 20 ന് രാവിലെ 6.00 ന് ക്ഷേത്രം അടയ്ക്കും.

* മകരവിളക്ക് കാലത്ത് പമ്പ മുതൽ സന്നിധാനം വരെയുള്ള 15 ഓളം കേന്ദ്രങ്ങളിൽ ഓക്സിജൻ പാർലറുകളുള്ള പ്രഥമ ശുശ്രൂഷാ കേന്ദ്രങ്ങളും ക്യൂവിൽ നിൽക്കുന്ന ഭക്തർക്ക് കുടിവെള്ള വിതരണവും മാളികപ്പുറം ക്ഷേത്രത്തിന് സമീപമുള്ള SASS ഷെഡിൽ കുടിവെള്ള വിതരണവും SASS നടത്തുന്നു.

*** ഹരിവരാസനം ശതാബ്ദി ആഘോഷങ്ങൾ**

* ഹരിവരാസനം ശതാബ്ദി ആഘോഷങ്ങളുടെ പശ്ചിമ മഹാരാഷ്ട്ര സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ 31–ന് പൂനെയിൽ നടന്നു. സർവശ്രീ എൻ. രാജൻ, എൻ.മുത്തുകൃഷ്ണൻ, പ്രകാശ് ജി.പൈ, അഡ്വ. കുമാർ വൈദ്യ നാഥൻ, നന്ദകുമാർ എന്നിവർ കേന്ദ്ര/ ക്ഷേത്ര കമ്മിറ്റികളിൽ നിന്ന് പങ്കെടുത്തു. ബ്രഹ്മശ്രീ ഗോശാല വിഷ്ണു വാസുദേവൻ നമ്പൂതിരിയുടെ കാർമികത്വത്തിലാണ് എല്ലാ പൂജകളും നടന്നത്. കലൈമാമണി ശ്രീ കെ.വീരമണി രാജു & ടീം അയ്യപ്പ ഭജന സന്ധ്യ അവതരിപ്പിച്ചു, തുടർന്ന് നൃത്ത പരിപാടിയും ഉണ്ടായിരുന്നു.

* കൂടാതെ, SASS പശ്ചിമ മഹാരാഷ്ട്ര സംസ്ഥാന വാർഷിക "അയ്യപ്പ ജ്യോതി പ്രയാണം" ഡിസംബർ 26 ന് പൂനെ ഉത്തംനഗർ അയ്യപ്പ ക്ഷേത്രത്തിൽ നിന്ന് ആരംഭിച്ച്, 18 ക്ഷേത്രങ്ങൾ സന്ദർശിച്ച്, 27 ന് ബോസാരി അയ്യപ്പ ക്ഷേത്രത്തിൽ സമാപിച്ചു. ശ്രീ. നന്ദകുമാർ – ക്ഷേത്രീയ സംഘടനാ സെക്രട്ടറി, ശ്രീ. രാജൻബാബു – സംസ്ഥാന പ്രസിഡന്റ്, ശ്രീ. മനു രാജൻ – സംസ്ഥാന ജനറൽ സെക്രട്ടറി തുടങ്ങിയവരുടെനേതൃത്വത്തിലാണ്പരിപാടിസംഘടിപ്പിച്ചത്.

* ഹരിവരാസനം ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഉത്തര തമിഴ്നാട്ടിലെ ഈറോഡിൽ വിപുലമായ പരിപാടികൾ നടത്തി. തൃപ്പൂണിത്തുറ തിയ്യാടി രാമൻ നമ്പ്യാരുടെ നേതൃത്വത്തിൽ നടന്ന "പന്തീരായിരം തേങ്ങയേറും അയ്യപ്പൻ തിയ്യാട്ടും", ഗുരുസ്വാമി സംഗമവും ചടങ്ങിന്റെ പ്രത്യേകതകൾ ആയിരുന്നു.

* തൃശ്ശിവപേരൂർ ജില്ലാസമിതിയുടെ ആഭിമുഖ്യത്തിൽ കാലടി സംസ്കൃത സർവ്വകലാശാല മുൻ അദ്ധ്യാപകൻ ഡോ. എം.വി. നടേശൻ രചിച്ച ഹരിവരാസനം – പാഠവും പഠനവും എന്ന കൃതി ജനുവരി 14ന് രാവിലെ 10.30ന് പാറമേക്കാവ് രോഹിണി കല്യാണ മണ്ഡപത്തിൽ വെച്ച് പ്രകാശനം ചെയ്യുന്നു.

****************

നിഷേധക്കുറിപ്പ് : ഇതിൽ കൊടുത്തിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച്, അതിന്റെ രചയിതാക്കൾക്കല്ലാതെ, ശബരിമല അയ്യപ്പ സേവാ സമാജത്തിനോ അംഗങ്ങൾക്കോ യാതൊരു ബാധ്യതയുമില്ലെന്ന് വ്യക്തമാക്കുന്നു.
ശബരിമല അയ്യപ്പ സേവാ സമാജത്തിനുവേണ്ടി, നാഷ്ണൽ അഡ്മിനിസ്ട്രേഷൻ ഓഫീസ്, അയ്യപ്പവിഹാർ, വിയ്യൂർ, തൃശ്ശൂർ, കേരളം – 680010, നിന്ന് പ്രസിദ്ധീകരിക്കുന്നത്